# കൊടകര
# ബ്ലോക്ക് പഞ്ചായത്ത്

## ബജറ്റ്(ജെൻററർ)
## 2024-25

# ഉള്ളടക്കം


1. നയം
2. ജെൻഡർ ബജറ്റ്
3. വിശകലനം
4. പ്രതീക്ഷിത വരവ്
5. എക്സ്റ്റാബ്ലിഷ്മെൻറ്
6. വിഷയമേഖലകൾ

## നയം

## കൊടകര ബ്ലോക്ക് പഞ്ചായത്ത്

## 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ്

## പ്രസിഡൻറിൻറെ ബജറ്റ് പ്രസംഗം

കൊടകര ബ്ലോക്ക് പഞ്ചായത്തിൻറെ 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അവതരണ യോഗത്തിൽ എത്തിച്ചേർന്ന ഏവരെയും ഹൃദയത്തോട് ചേർത്ത് വെച്ച് അഭിവാദ്യം ചെയ്യുന്നു.

2022-23 വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് നമ്മൾ 2024-25 ലെ ബഡ്ജറ്റുമായി ഒത്തുചേരുന്നത്. കടുത്ത കേന്ദ്ര അവഗണനയിലൂടെയാണ് നാം കടന്ന് പോകുന്നത്. പൊതുവെ ഏവരും സ്വീകരിച്ച കേരളത്തിൻറെ ക്ഷേമ വികസന പ്രവർത്തനങ്ങളെ തകർക്കാനുള്ള കേന്ദ്ര നീക്കമാണ് ഇതിൻറെ പിന്നിലുള്ളത്. അതുകൊണ്ട് തന്നെ ഒരു കേരളീയൻ എന്ന നിലയിലുള്ള പ്രതിഷേധം രേഖപ്പെടുത്തുകയാണ്. ഈ പ്രതിസന്ധികൾക്കിടയിലും ഉദയസൂര്യനെ പോലെ കൂടുതൽ തെളിമയാർന്ന "നവകേരള" കാഴ്ചപ്പാട് ജനസമക്ഷം അവതരിപ്പിച്ച് മുന്നോട്ട് പോകുന്ന പിണറായി സർക്കാരിൻറെ ഹൃദയ പക്ഷ നിലപാടിനെ സ്വാഗതം ചെയ്യുന്നു. അധികാര വികേന്ദ്രീകരണ പ്രസ്ഥാനത്തിൻറെ അന്തസത്ത പൂർണ്ണമായും സ്വാംശീകരിച്ച് കാലിക പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിനാണ് ഈ ബഡ്ജറ്റ് പ്രാധാന്യം നൽകുന്നത്.

ജെന്റെർ ബഡ്ജറ്റ് എന്ന നിലയിൽ പ്രധാനമായും ഊന്നൽ നൽകേണ്ടത് ഇപ്പോഴും വിവിധ കാരണങ്ങളാൽ പിറകിലായി പോകുന്ന "സ്ത്രീ" സമൂഹത്തിൻറെയാകെ അന്തസ്സും അഭിമാനവും ഉയർത്തുന്ന "സ്ത്രീ പക്ഷ നവകേരളം" ആണ് നമുക്ക് പടുത്തുയർത്തേണ്ടത്.

കാർഷിക പ്രാധാന്യമുള്ള ഒരു ബ്ലോക്ക് പഞ്ചായത്ത് എന്ന നിലയിൽ ഏറെ പ്രാധാന്യം കാർഷിക മേഖലയ്ക്ക് നൽകേണ്ടതുണ്ട്. എല്ലാവരും കൃഷിയിലേക്ക് ഇറങ്ങുക, തരിശായ ഭൂമി കൃഷിയോഗ്യമാക്കുക, ഹൈ-ടെക്ക് കൃഷി രീതിയിലൂടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക, സംഭരണവും വിതരണവും ഉറപ്പാക്കുക, മൂല്യവർദ്ധിത ഉത്പന്നങ്ങളിലൂടെ ഉയർന്ന വിപണന മൂല്യം നേടുക അതുവഴി കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യം വെയ്ക്കുന്നതാണ്. പുതുക്കാട് നിയോജകമണ്ഡലത്തിൽ കുടുംബശ്രീയുമായി ചേർന്ന് നടപ്പിലാക്കുന്ന "പൊലിമ പുതുക്കാട് " മായി ചേർന്ന് കൃഷി ഒരു ജനകീയ സംസ്കാരമാക്കി മുന്നോട്ട് കൊണ്ടുപോവുക എന്നുള്ളത് കൊടകര ബ്ലോക്ക് പഞ്ചായത്തിൻറെ പ്രധാന ചുമതലയായി കാണുന്നു.

സംരംഭകത്വ വികസന പദ്ധതികൾ ഏറ്റെടുത്തും വിപണന വിതരണ ശൃംഖല ശക്തിപ്പെടുത്തിയും നമുക്ക് മുന്നോട്ട് പോകാനാവണം, പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ക്ഷേമവും വികസനവും ഉറപ്പാക്കി അവർക്കു കരുതലും കാവലുമായ് നിന്ന് അതിജീവന ക്ഷമതയുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുക- നിർജ്ജീവമായ

ആസ്തികൾ പുനരുജ്ജീവിപ്പിക്കുക, കാലാവസ്ഥാ വ്യതിയാനത്തിൻറെ ഭാഗമായി ഉണ്ടാകുന്ന ദുരന്തനിവാരണത്തിന് അനുസൃതമായി പ്രാദേശിക കർമ്മ പദ്ധതികൾ ആവിഷ്കരിക്കുക.

സ്ത്രീകൾ, കുട്ടികൾ, ട്രാൻസ്ജെൻഡേഴ്സ്, വയോജനങ്ങൾ, ഭിന്നശേഷിക്കാർ എന്നീ വിഭാഗത്തിലുള്ളവരുടെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുവാൻ കഴിയുന്ന വിധത്തിലുള്ള പദ്ധതികളിലൂടെ സുസ്ഥിര വികസനമാണ് കൊടകര ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യം വെയ്ക്കുന്നത്.

ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് സ്വന്തമായി വീട് എന്നുള്ളത് ഒരു അവകാശമായി പ്രഖ്യാപിച്ച സംസ്ഥാന സർക്കാരിൻറെ നിലപാടിനോട് ചേർന്ന് ലൈഫ്/പിഎംഎവൈ പദ്ധതികൾക്ക് ഫണ്ട് വകയിരുത്തി ഭവനരഹിതരില്ലാത്ത കൊടകര ബ്ലോക്കിലൂടെ സമ്പൂർണ്ണ പാർപ്പിടമുള്ള ഒരു സംസ്ഥാനമാക്കി കേരളത്തെ മാറ്റുക എന്ന ലക്ഷ്യം നമുക്ക് കൈവരിക്കാനാവണം

സാമൂഹികപരമായ കാരണങ്ങളാൽ ഏറെ പിന്നോക്കം നിൽക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമം ഉറപ്പാക്കേണ്ടതുണ്ട്. ഈ വിഭാഗങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ പൂർത്തീകരിച്ചും വിദ്യാഭ്യാസ രംഗത്തും തൊഴിൽ മേഖലയിലും പ്രാദേശികമായ പദ്ധതികൾ രൂപപ്പെടുത്തിയും വിദേശത്തും സ്വദേശത്തുമുള്ള തൊഴിൽ സാധ്യതകളെ പ്രയോജനപ്പെടുത്തിയും ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തി സമഗ്ര വികസനം സാധ്യമാക്കാനാകണം.

ലോകത്ത് ഏറ്റവും സന്തോഷമുള്ള ജനത അതിവസിക്കുന്ന ഒരു സംസ്ഥാനമായി ദൈവത്തിന്റെ സ്വന്തം നാട് ആയ കേരളത്തെ രൂപപ്പെടുത്താനുള്ള സംസ്ഥാന സർക്കാരിന്റെ കാഴ്ചപ്പാടിനോട് ചേർന്ന് മുന്നോട്ട് പോകേണ്ടതുണ്ട്. നമ്മുടെ സമൂഹം ഇന്ന് അഭിമുഖീകരിക്കുന്ന അതിദാരിദ്ര്യം പൂർണ്ണമായും ഇല്ലാതാക്കാനും തൊഴിലില്ലായ്മ പൂർണ്ണമായും പരിഹരിക്കാൻ ആവശ്യമായ സംരംഭങ്ങൾക്ക് രൂപം കൊടുക്കുകയും സ്വകാര്യ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. പുരോഗമന- മതനിരപേക്ഷ- ശാസ്ത്ര ബോധ യുക്തി ചിന്ത ഉള്ള ഒരു സമൂഹത്തെ വാർത്തെടുക്കുക, കലാ- കായിക- സാംസ്കാരിക പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കുക. യുവതലമുറക്ക് വേണ്ടി കളിയിടങ്ങൾ നിർമ്മിക്കുക - ഹാപ്പിനെസ്സ് പാർക്കുകൾ സ്ഥാപിക്കുക എന്നതും ബ്ലോക്ക് പഞ്ചായത്തിന്റെ നയമാണ് .

കൊടകര ബ്ലോക്ക് പഞ്ചായത്തിലെ 214 അംഗനവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തിയും, സ്മാർട്ടാക്കിയും സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം ഉറപ്പാക്കിയും കൊടകര ബ്ലോക്ക് പഞ്ചായത്ത് അഭിമാനത്തോടെ മുന്നോട്ട് വെക്കുന്ന 'പെൺതൊഴിലിടം' എന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ അതിവേഗം മുന്നോട്ട് പോകുകയാണ്. സംസ്ഥാന സർക്കാരിൻറെ ആയിരത്തിൽ 5 പേർക്ക് തൊഴിൽ നൽകുക എന്ന ലക്ഷ്യം സർവാത്മന സ്വീകരിച്ചും വർക്ക് നിയർ ഹോം എന്ന ആശയം ഉൾക്കൊണ്ട് കൊണ്ട് ജില്ലാ-ഗ്രാമ പഞ്ചായത്തുകൾ, സംസ്ഥാന ആസൂത്രണ ബോർഡ്, കേരള സർക്കാർ എന്നിവയുടെ സഹകരണത്തോടെയാണ് ഈ പദ്ധതി പ്രാവർത്തികമാക്കുന്നത്. തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് സാമ്പത്തികമായ സ്വാശ്രയത്വം സാമൂഹികമായ സുരക്ഷ പ്രദാനം ചെയ്ത് ഐടി, നൂതന സംരംഭം,

ആരോഗ്യ വിദ്യാഭ്യാസ പരിശീലനങ്ങൾ കുട്ടികളുടെ പരിപാലനം, വ്യാപാരം എന്നി മേഖലകളെ സമഗ്രമായി ഉൾക്കൊള്ളിക്കുന്ന പ്രസ്തുത പ്രൊജക്ടിന് നബാർഡ് വായ്പ ഉൾപ്പെടെ ലഭ്യമാക്കി പൂർത്തീകരണത്തിലേക്ക് അതിവേഗം മുന്നേറുകയാണ്.

കൊടകര ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള പുതുക്കാട് താലൂക്കാശുപത്രിയും മറ്റത്തൂർ CHC യും സമഗ്രമാസ്റ്റർ പ്ലാനിൻറെ അടിസ്ഥാനത്തിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഗുണമേന്മയേറിയ ചികിത്സയും ആവശ്യമായ മരുന്നും ലഭ്യമാക്കാനും കഴിയേണ്ടതുണ്ട്. കൊടകര ബ്ലോക്ക് പഞ്ചായത്തിൻറെ 2024-25 ബഡ്ജറ്റ് ഊന്നൽ നൽകുന്നത് സ്ത്രീ സൗഹാർദ്ദ ഭിന്നശേഷി-വയോജന-ബാലസൗഹാർദ്ദ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം ഉറപ്പാക്കുന്ന, തരിശുരഹിത, ജൈവവൈവിധ്യം സാധ്യമാക്കുന്ന സുസ്ഥിര വികസന ബ്ലോക്ക് എന്ന ആശയം നടപ്പിലാക്കുക എന്നുള്ളതാണ്.

വികസനക്ഷേമപ്രവർത്തനങ്ങളുടെ കൃത്യമായ കണക്ക് രേഖപ്പെടുത്തിയ 2024-25 സാമ്പത്തിക വർഷത്തിലെ കൊടകര ബ്ലോക്ക് പഞ്ചായത്തിൻറെ ജെൻറർ അടിസ്ഥാനമായുള്ള ബജറ്റിന് എൻറെ ഹൃദയാഭിവാദനങ്ങൾ.

എം. ആർ രഞ്ജിത്ത്
പ്രസിഡണ്ട്
കൊടകര ബ്ലോക്ക് പഞ്ചായത്ത്

# അദ്ധ്യായം- 1

## കൊടകര ബ്ലോക്ക് പഞ്ചായത്ത് 2024-25

## സാമ്പത്തിക വർഷത്തെ ബജറ്റ് (ജെൻറർ ബജറ്റ്)

**ആമുഖം**

**ധനസ്ഥിതി**

**കൊടകര ബ്ലോക്കിന്റെ ധനസ്ഥിതി**

കേരളത്തിന്റെ സാംസ്ക്കാരിക തലസ്ഥാനമായ തൃശ്ശൂർ ജില്ലയിലെ കാർഷികവും വ്യവസായികവുമായ ഒട്ടേറെ മുന്നേറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ച്, ജലസ്രോതസ്സ് കൊണ്ട് അനുഗ്രഹീതമായ പ്രദേശമാണ് കൊടകര ബ്ലോക്ക് പഞ്ചായത്ത്. ചെറുതും വലുതുമായ ഒട്ടേറെ ജലസേചന പദ്ധതികൾ ഈ പ്രദേശത്ത് ഉണ്ട്. അതുകൊണ്ട് തന്നെ ജനങ്ങളുടെ മുഖ്യതൊഴിൽ കൃഷിയും അനുബന്ധമേഖലയിലെ പ്രവർത്തനമാണ്. കാർഷികമേഖലയുടെ വികസനവുമായി ബന്ധപ്പെട്ട് സമ്പദ് വ്യവസ്ഥയെ ആശ്രയിച്ചാണ് കൊടകര ബ്ലോക്ക് പഞ്ചായത്തിലെ ഭൂരിപക്ഷം പ്രദേശവും നിലനിൽക്കുന്നത്. കാർഷിക മേഖലയിൽ ഇന്ന് നേരിടുന്ന പൊതുവായ പ്രശ്നങ്ങളും ഉൽപാദനം കുറവും പ്രസ്തുത മേഖലയിൽ നിന്നും പാരമ്പര്യ കർഷകരെ കൂടി അകറ്റി നിർത്തുന്ന സ്ഥിതി വിശേഷം നിലവിലുണ്ട്. എങ്കിലും കൊടകര ബ്ലോക്കിലെ 7 പഞ്ചായത്തുകളിലായി വിരിപ്പ്, മുണ്ടകൻ, പുഞ്ച സീസണുകളിൽ ആകെ 1000 ത്തിൽ പരം ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തുവരുന്നുണ്ട്. കർഷർക്ക് കൂടുതൽ ധനസഹായം നൽകിയും വിപണിയിൽ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക വഴി മാത്രമേ ഈ മേഖലയെ രക്ഷപ്പെടുത്തുവാൻ സാധിക്കുകയുള്ളു. കൂടുതെ തരിശായി കിടക്കുന്ന ഭൂമിയെ കൃഷിക്ക് ഉപയുക്തമാക്കിയും ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും മാത്രമേ കാർഷിക മേഖലയെ ഇന്നത്തെ സ്ഥിതിയിലെങ്കിലും പിടിച്ചുനിർത്താൻ സാധിക്കുകയുള്ളു.

കഴിഞ്ഞ പദ്ധതി കാലത്തെ നേട്ടങ്ങൾ നിലനിർത്തുന്നതിനായി പരമാവധി സൗകര്യങ്ങൾ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. കർഷകരുടെ സ്വയം സഹായസംഘങ്ങളും, പാടശേഖര സംഘങ്ങളും ഉണ്ടാക്കിയും കൃഷിയെ പരമാവധി പ്രോത്സാഹിപ്പിക്കുകയും, മൂല്യവർദ്ധിത

ഉൽപ്പന്നങ്ങളുടെ നിർമ്മാണം വഴി വിപണന സൗകര്യങ്ങൾ വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

കൃഷിയുടെ അനുബന്ധമേഖലയായ മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലയിലും ബ്ലോക്ക് പഞ്ചായത്തിന് ആശാവഹമായ പ്രവർത്തന പുരോഗതി ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ 13 ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ 11 ക്ഷീരസംഘങ്ങളുടെയും സെക്രട്ടറിമാർ വനിതകളാണ്. ഇതിലൂടെ പ്രതിദിനം 8000 ലിറ്റർ പാൽ വിപണനം നടത്തുന്നുണ്ട്. വർദ്ധിച്ചുവരുന്ന തീറ്റചെലവും , ചികിത്സാ ചെലവും ക്ഷീര കർഷകരെ ആശങ്കയിൽ ആക്കിയിട്ടുണ്ട്.

കൃഷി കഴിഞ്ഞാൽ പരമ്പരാഗത ജനങ്ങളുടെ മുഖ്യ ജീവിതോപാധി ചെറുകിട വ്യവസായമേഖലയാണ്. എന്നാൽ കളിമൺ വ്യവസായരംഗത്ത് വന്നിരിക്കുന്ന മാന്ദ്യം ഈ മേഖലയിൽ സാരമായ കുറവ് ഉണ്ടാക്കിയിട്ടുണ്ട്. പരമ്പരാഗത ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് വേണ്ടരീതിയിൽ ഉള്ള പ്രോത്സാഹനവും ധനസഹായവും നൽകുകയും തൊഴിലിൽ നിന്നും മറ്റ് പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ കൂടി ഈ മേഖലയിലേക്ക് കൊണ്ടുവരികയും ചെയ്താൽ മാത്രമേ ഇന്നുള്ള മാന്ദ്യത്തിൽ നിന്നും കരകയറുവാൻ ഈ മേഖലയ്ക്ക് കഴിയു.

ദാരിദ്ര്യ നിർമ്മാർജനരംഗത്ത് വനിതകളുടെ സ്വയം സഹായ സംഘങ്ങൾ മുഖേന നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. പട്ടികജാതിയിൽപ്പെട്ട വ്യക്തിഗത തൊഴിൽ സംരംഭകർക്കും അർഹമായ പ്രാതിനിധ്യം നൽകിയിട്ടുണ്ട്. എന്നാൽ വിപണന മേഖലയിലെ വൻകിടക്കാരുടെ ചൂഷണം സ്വയം സഹായ സംഘങ്ങളുടെയും, കുടുംബശ്രീകളുടെയും ഉല്പന്നങ്ങൾക്ക് വേണ്ടത്ര വിപണനം നടത്തുവാൻ സാധിക്കാതെ വരുന്നുണ്ട്. പ്രധാനപ്പെട്ട സ്ഥലങ്ങളിൽ വിപണന കേന്ദ്രങ്ങൾ ആരംഭിച്ച് ഈ അരക്ഷിതാവസ്ഥയ്ക്ക് പരിഹാരം കാണാവുന്നതാണ്. ഭവനനിർമ്മാണ രംഗത്ത് പട്ടികജാതി/ ജനറൽ വിഭാഗങ്ങളിൽ തലയെടുപ്പുള്ള നേട്ടം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന ധനസഹായം കൊണ്ട് ഭവനനിർമ്മാണം പൂർത്തിയാക്കുവാൻ ഇപ്പോഴത്തെ സാഹചര്യത്തിൽ സാധിക്കുന്നത് ശ്രദ്ധേയമായ നേട്ടം തന്നെയാണ്.

ആരോഗ്യവിദ്യാഭ്യാസ മേഖലയിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുവാൻ ബ്ലോക്ക് പഞ്ചായത്തിനു കഴിഞ്ഞു. ആരോഗ്യ രംഗത്തെ നിലവിലുള്ള കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മാലിന്യനിർമ്മാർജ്ജനരംഗത്തും ശുചീകരണ രംഗത്തും ഫലപ്രദമായി ഇടപടുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഈ രംഗത്ത് കൂടുതൽ ഇടപ്പെട്ടുകൊണ്ട് ശുചിത്വപൂർണ്ണമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനാണ് ഇനി ശ്രദ്ധ ചെലുത്തേണ്ടത്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും തുടർവിദ്യാഭ്യാസ പരിപാടികളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. വിവരസാങ്കേതികവിദ്യയുടെ അനന്തസാദ്ധ്യതകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗമേഖലയിൽ അവരുടെ കുംടുംബങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ധാരാളം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. ഭവനനിർമ്മാണം പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകൾ മുഖേനയും, പി.എം.എ.വൈ പദ്ധതി മുഖേനയും നടപ്പിലാക്കുവാൻ കഴിഞ്ഞു. ഭൂരഹിതർക്ക് ഭൂമി, കുടിവെള്ള പദ്ധതികൾ, റോഡുകൾ എന്നിവയിൽ ഈ വിഭാഗങ്ങൾക്ക് മാത്രമായി നടത്തുവാൻ സാധിച്ചിട്ടുണ്ട്. തൊഴിൽ മേഖലയിൽ ഇടപ്പെട്ടതിൻറെ ഭാഗമായി ഫാഷൻ ഡിസൈനിംങ്ങിലും, ഡി.ടി.പിയിലും പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ഒട്ടേറെ തൊഴിൽസംരംഭങ്ങൾ ഈ വിഭാഗത്തിന് നൽകിയാൽ മാത്രമേ ബ്ലോക്ക് പഞ്ചായത്തിന്റെ വികസനപരിപാടി യാഥാർത്ഥ്യമാകു. വിദ്യാഭ്യാസത്തിൽ പിന്നാക്കം നിൽക്കാതിരിക്കുവാൻ 8 മുതൽ 10 വരെ ഉള്ള കുട്ടികൾക്ക് വിദ്യാജ്യോതി എന്ന പദ്ധതിയിലൂടെ പ്രത്യേക ട്യൂഷൻ ക്ലാസ്സുകളും നടത്തുയുണ്ടായി.

വനിത വികസന മേഖലയിലും ശിശുവികസനമേഖലയിലും ഫലപ്രദമായി ഇടപ്പെടുവാൻ നമ്മുക്ക് കഴിഞ്ഞിട്ടുണ്ട്. വനിതകളുടെ സ്വയം സഹായസംഘങ്ങൾക്ക് സഹായധനവും വനിതകൾക്കായി പ്രത്യേക പഠനക്ലാസ്സുകളും സംഘടിപ്പിച്ചിട്ടുണ്ട്. ശിശുക്കൾ, വൃദ്ധർ, വികലാംഗർ, മാനസികരോഗ്യപ്രശ്നം ഉള്ളവർ എന്നിവർക്കായി പ്രത്യേകമായ പല പ്രവർത്തനങ്ങളും നടപ്പിലാക്കുവാൻ കഴിഞ്ഞു. വൃദ്ധജനങ്ങൾക്കായിട്ടുള്ള തണൽ, രോഗിക്കായിട്ടുള്ള പാലിയേറ്റീവ്

കെയർ യൂണിറ്റ് എന്നിങ്ങനെ ഉള്ള പ്രവർത്തനങ്ങൾ നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. വൃദ്ധജനങ്ങൾ സമൂഹത്തിൻറെ അവിഭാജ്യഘടകമായതിനാൽ അവരുടെ സർഗവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സർഗ്ഗോത്സവും, ശില്പശാലയും നടത്തുന്നതിന് കഴിയും പഞ്ചായത്തുകളിൽ വൃദ്ധജനങ്ങളുടെ ഉല്ലാസത്തിനുവേണ്ടി പകൽ വീടുകൾ നിർമ്മിച്ചുവരുന്നു.

കലാകായികരംഗത്തെ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള കലാകായിക പ്രവർത്തനങ്ങളും നടത്തുകയുണ്ടായി. കേരളോത്സവം, കളിത്തട്ട് എന്നീ കലാകായിക മേളകൾ കലാകായിക പ്രതിഭകളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഉള്ള മത്സര പ്രവർത്തനങ്ങൾ വിജയകരമായിത്തന്നെ ബ്ലോക്ക് പഞ്ചായത്തിൽ നടത്തിയിട്ടുണ്ട്. വിവിധ കാരണങ്ങളാൽ തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കുവാനും, വളർത്തുവാനും അവസരം നിഷേധിക്കപ്പെട്ടവർക്കായി ഇനിയും കൂടുതൽ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. സാംസ്ക്കാരികരംഗത്ത് പ്രവർത്തിക്കുന്ന വായനശാലകളെ പ്രോത്സാഹിക്കുവാനും അവർക്ക് പുസ്തകങ്ങളും ഫർണിച്ചറുകളും വാങ്ങി നൽകുവാനും കഴിഞ്ഞിട്ടുണ്ട്.

അധികാരം ജനങ്ങൾക്ക് എന്ന സ്വപ്നം സാക്ഷാൽകരിക്കുന്നതിനുവേണ്ടിയുള്ള കഴിഞ്ഞകാലപ്രവർത്തനങ്ങൾ മുഴുവനും പൂർണ്ണതയിൽ എത്തി എന്നു കരുതുന്നില്ല. എങ്കിലും ബ്ലോക്ക് പഞ്ചായത്തിന്റെ പരിമിതമായ സാഹചര്യങ്ങളിൽ നിന്നുകൊണ്ട് കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തി പദ്ധതി രൂപികരണത്തിലും നിർവ്വഹണത്തിലും ഒരു പുതിയ അന്തരീക്ഷം സൃഷ്ടിക്കേണ്ടതുണ്ട്. ആയതിനു വേണ്ടിയുള്ള പടവുകൾ നമുക്ക് ഒന്നിച്ച് നടന്നു കയറാം എന്ന പ്രതിജ്ഞയെടുക്കാം.

# **<u>പൊതുവിവരങ്ങൾ</u>**

### ബ്ലോക്കിലെ ഗ്രാമപഞ്ചായത്തുകളും അവ ഉൾക്കൊള്ളുന്ന വില്ലേജുകളും

| ഗ്രാമപഞ്ചാ | വിസ്തീർ | വാർഡുകളുടെ എണ്ണം | വില്ലേജുകൾ |
|---|---|---|---|

| യത്ത് | ണ്ണം | | |
|---|---|---|---|
| അളഗപ്പനഗർ | 18.38 ച.കി.മീ | 17 | ആമ്പല്ലൂർ |
| കൊടകര | 21.29 ച.കി.മീ | 19 | കൊടകര |
| മറ്റത്തൂർ | 103.11 ച.കി.മീ | 23 | മറ്റത്തൂർ,വെള്ളിക്കുളങ്ങര, കോടശ്ശേരി |
| നെൻമണിക്കര | 11.41 ച.കി.മീ | 15 | നെൻമണിക്കര |
| പുതുക്കാട് | 15.41 ച.കി.മീ | 15 | തൊറവ്,ചെങ്ങല്ലൂർ |
| തൃക്കൂർ | 25.38 ച.കി.മീ | 17 | തൃക്കൂർ |
| വരന്തരപ്പിള്ളി | 102.82 ച.കി.മീ | 22 | വരന്തരപ്പിള്ളി,മുപ്ലിയം,നന്തിപുലം |

**ബ്ലോക്കിലെ ജലസ്രോതസ്സുകൾ(എണ്ണം)**

| | വറ്റുന്നത് | വറ്റാത്തത് | ഉപയോഗശൂന്യം | ആകെ |
|---|---|---|---|---|
| കിണറുകൾ | 5368 | 12807 | 40 | 18215 |
| കുളങ്ങൾ | 94 | 31 | 66 | 125 |

| | പ്രവർത്തനക്ഷമം | പ്രവർത്തനരഹിതം | ആകെ |
|---|---|---|---|
| കുഴൽകിണറുകൾ | 430 | 5 | 435 |
| പുഴ (നീളം) കി.മീ. | 29.3 കി.മീ. | | |
| കനാൽ (ഉപയോഗിക്കുന്നത്) | 55.99 കി.മീ | | |
| കനാൽ (ഉപയോഗിക്കാത്തത്) | 1.6 കി.മീ | | |
| തോട് (വറ്റുന്നത്) | 58 കി.മീ | | |
| തോട് (വറ്റാത്തത്) | 87.കി.മീ | | |

**ബ്ലോക്കിന്റെ പരിധിയിൽ വരുന്ന പ്രധാന സർക്കാർ - പൊതുമേഖല –**

**(കേന്ദ്രസംസ്ഥാന- സ്വകാര്യസ്ഥാപനങ്ങൾ)**

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, ഗ്രാമപഞ്ചായത്ത് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ, പാലപ്പിള്ളി & വെള്ളിക്കുളങ്ങര റേഞ്ച് ഓഫീസുകൾ, പുതുക്കാട് റെയിൽവേ സ്റ്റേഷൻ, ചിമ്മിനി ഇറിഗേഷൻ പ്രൊജക്റ്റ്, ഹാരിസൺ മലയാളം ലിമിറ്റഡ്, അപ്പോളോ ടയേഴ്സ് പേരാമ്പ്ര, അളഗപ്പനഗർ എൻ.ടി.സി.

**ബ്ലോക്കിന്റെ പരിധിയിൽ വരുന്ന പ്രധാന വിനോദസഞ്ചാര കേന്ദ്രം**

ചിമ്മിനി ഡാം-വന്യജീവി സങ്കേതം

**ബ്ലോക്കിലൂടെ കടന്നുപോകുന്ന പ്രധാന റെയിൽ-റോഡ് പാതകൾ**

എൻ.എച്ച്.47–കൊടകര-വെള്ളിക്കുളങ്ങര റോഡ്
ആമ്പല്ലൂർ-ചിമ്മിനിഡാം റോഡ്, പുതുക്കാട്-ഇരിങ്ങാലക്കുട റോഡ്
അളഗപ്പനഗർ-വെള്ളാനിക്കോട് റോഡ്

**ബ്ലോക്കിലെ വ്യാപാരകേന്ദ്രങ്ങൾ**
കോടാലി, കൊടകര, പുതുക്കാട്, ആമ്പല്ലൂർ, വരന്തരപ്പിള്ളി
ബ്ലോക്കിന്റെ പരിധിയിൽ വരുന്ന അംഗികൃതവും അല്ലാത്തതുമായ കശാപ്പുശാലകൾ - 18

| | | |
|---|---|---|
| 1 | എയ്ഡ്സ്ഡ് കോളേജുകൾ | 2 |
| 2 | ഹൈസ്ക്കൂൾ | 6 |
| 3 | എയ്ഡ്സ്ഡ് ഹൈസ്ക്കൂൾ | 7 |
| 4 | അൺഎയ്ഡ്സ്ഡ് ഹൈസ്ക്കൂൾ | 3 |
| 5 | ഗവ.യു.പി.സ്കൂൾ | 3 |
| 6 | എയ്ഡ്സ്ഡ് യു.പി.സ്കൂൾ | 13 |
| 7 | ഗവ.എൽ.പി.സ്കൂൾ | 7 |
| 8 | എയ്ഡ്സ്ഡ് എൽ.പി.സ്കൂൾ | 18 |
| 9 | അങ്കണവാടി | 214 |
| 10 | പ്രൈമറി ഹെൽത്തുസെൻററുകൾ | 7 |
| 11 | കമ്മ്യൂണിറ്റി ഹെൽത്തുസെൻററുകൾ | 1 |
| 12 | സർക്കാർ ആശുപത്രികൾ | 1 |
| 13 | സ്വകാര്യ ആശുപത്രികൾ | 2 |
| 14 | കുടിവെള്ള പദ്ധതികൾ | 34 |
| 15 | മൃഗാശുപത്രികൾ | 6 |

| | | |
|---|---|---|
| 16 | ആയുർവേദ ആശുപത്രികൾ | 5 |
| 17 | ഹോമിയോ ആശുപത്രികൾ | 6 |
| 18 | ക്ഷീരസഹകരണ സംഘങ്ങൾ | 13 |

## പ്രധാന കർഷികവിളകൾ

| വിളകൾ | കൃഷിചെയ്യുന്ന വിസ്തൃതി |
|---|---|
| തെങ്ങ് | 5277.58 ഹെക്ടർ |
| അടയ്ക്ക | 566.88 ഹെക്ടർ |
| നെല്ല് | 885.1 ഹെക്ടർ |
| ജാതി | 1044.12 ഹെക്ടർ |
| കശുവണ്ടി | 137.2 ഹെക്ടർ |
| കുരുമുളക് | 292.71 ഹെക്ടർ |
| വാഴ | 501.25 ഹെക്ടർ |
| ഏത്തവാഴ | 566.88 ഹെക്ടർ |
| എള്ള് | 15.23 ഹെക്ടർ |
| കൊക്കൊ | 10.13 ഹെക്ടർ |

| | |
|---|---|
| എസ്.സി. കോളനികൾ | 82 |
| എസ്.ടി. കോളനികൾ | 13 |

## ബ്ലോക്ക് പഞ്ചായത്ത് - പൊതുവിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | കൊടകര |
| വിസ്തീർണ്ണം | 297.8 ച.കി.മീ. |
| താലൂക്ക് | മുകുന്ദപുരം &ചാലക്കുടി |

## അതിരുകൾ

| | |
|---|---|
| വടക്ക് | തൃശ്ശൂർ കോർപ്പറേഷൻ, ചേർപ്പ് ബ്ലോക്ക് |
| കിഴക്ക് | പശ്ചിമഘട്ട മലനിരകൾ |
| തെക്ക് | ചാലക്കുടി മുൻസിപ്പാലിറ്റി, ബ്ലോക്ക് |
| പടിഞ്ഞാറ് | ചേർപ്പ് &ഇരിഞ്ഞാലക്കുട ബ്ലോക്കുകൾ |

# അധ്യായം -2
## പ്രതീക്ഷിത വരവ്

| | |
|---|---|
| ഷി വര്ക്ക് സ്പേസ് ഗ്രാമപഞ്ചായത്ത് വിഹിതം | 7000000 |
| ഷി വര്ക്ക് സ്പേസ് ജില്ലപഞ്ചായത്ത് വിഹിതം | 15000000 |
| ഷി വര്ക്ക് സ്പേസ് നബാര്ഡ് വിഹിതം | 199551000 |
| MLA ആസ്തി വികസന ഫണ്ട് | 30000000 |
| PMAY & JANMAN - കേന്ദ്ര വിഹിതം | 9840000 |
| PMAY & JANMAN ജില്ലപഞ്ചായത്ത് വിഹിതം | 8239000 |
| PMAY & JANMAN ഗ്രാമപഞ്ചായത്ത് വിഹിതം | 5885000 |
| വികസന ഫണ്ട് (GENERAL) | 42335000 |
| വികസന ഫണ്ട് (SCP) | 19166000 |
| വികസന ഫണ്ട് (TSP) | 1024000 |
| CFC Grant | 17832000 |
| മെയ്ന്റെനന്സ് ഗ്രാന്റ് (Non road) | 24271000 |
| ജനറല് പര്പ്പസ് ഗ്രാന്റ് | 7917000 |
| MPLAD | 6000000 |
| SDF MLA | 840000 |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് | 2000000 |
| കേരളോത്സവം ഗ്രാന്റ് | 100000 |
| തൊഴിലുറപ്പ് ഭരണ ചിലവ് | 700000 |
| സ്വരാജ് ട്രോഫി | 4000000 |
| മറ്റു വരവുകള് (rent, Tender fee etc) | 953500 |
| **ആകെ** | **402653500** |
| മുന്ബാക്കി | 2304623 |
| **Grand Total** | **404958123** |

| അധ്യായം- 3<br><br>പ്രതീക്ഷിത ചിലവ് | |
|---|---|
| കൃഷി | 5012500 |
| മൃഗ സംരക്ഷണവും ക്ഷീര വികസനവും | 2930000 |
| പ്രാദേശിക സാമ്പത്തിക വികസനം | 4250000 |
| ദാരിദ്ര്യ ലഘൂകരണം | 31467000 |
| സാമൂഹ്യക്ഷേമം | 5950000 |
| വനിതാക്ഷേമം | 244551000 |
| പട്ടികജാതി വികസനം | 19166000 |
| പട്ടികവർഗ്ഗ വികസനം | 1024000 |
| ആരോഗ്യം | 17465140 |
| കുടിവെള്ളം | 7279600 |
| ശുചിത്വം | 6524400 |
| വിദ്യാഭ്യാസം കല- സംസ്കാരം | 2285000 |
| പൊതുമരാമത്ത് | 27290000 |
| ജൈവവൈവിധ്യ മാനേജ്മെന്റ് | 2500000 |
| തൊഴിലുറപ്പ് | 700000 |
| **ആകെ** | **378394640** |
| മറ്റു ചിലവുകൾ ( Office expenses, planning ,Good governance, assets) | 17671540 |
| **Grand Total** | **396066180** |

# അദ്ധ്യായം - 4

## വിഷയമേഖല

### ബജറ്റ് നോട്ട്

### കൊടകര ബ്ലോക്ക് പഞ്ചായത്ത്

പ്രിയപ്പെട്ടവരെ ബഹുമാന്യരെ,

കൊടകര ബ്ലോക്ക് പഞ്ചായത്തിൻറെ 2024-25 വാർഷിക ബജറ്റ് അവതരണത്തിന് സന്നിഹിതരായിട്ടുള്ള എല്ലാ ബഹുമാന്യ വ്യക്തിത്വങ്ങൾക്കും സ്നേഹാദരവോടെ സ്വാഗതമാശംസിക്കുന്നു.

ജനകീയാസൂത്രണ പ്രസ്ഥാനം കാൽന്യൂറ്റാണ്ട് പിന്നിട്ടുമ്പോൾ കൊടകര ബ്ലോക്ക് പഞ്ചായത്ത് ദീർഘവീക്ഷണത്തോടെ സമൂഹത്തിലെ നാനാതുറകളിലുള്ള ജനങ്ങളെ ചേർത്ത് പിടിക്കുന്ന പദ്ധതികളുമായി മുന്നോട്ട് പോകുന്നു. കേന്ദ്ര സർക്കാർ സൃഷ്ടിക്കുന്ന പ്രതിസന്ധികൾ, വിവേചനങ്ങൾ, സാമ്പത്തിക ഉപരോധങ്ങൾ കേരളത്തെ നടുകടലിൽ താഴ്ത്തുമ്പോഴും, നീതിപൂർവമായ ഇടപെടലുകൾ നടത്തി, സർവ തല സ്പർശിയായ വികസനവും സാമ്പത്തിക വളർച്ചയുമായി കേരളം മുന്നോട്ട് പോകുന്നു.

കേരളത്തിൻറെ ജനസംഖ്യയിൽ പകുതിയിലധികം സ്ത്രീകൾ നവകേരള നിർമ്മിതിയിൽ നിർണ്ണായക പങ്കു വഹിക്കുന്ന സ്ത്രീകളുടെ സാമൂഹിക പദവിയിൽ നിലനിൽക്കുന്ന അസമത്വം അവസാനിപ്പിക്കുക എന്ന സംസ്ഥാന

സർക്കാരിൻറെ കാഴ്ചപ്പാടിനോടൊപ്പം നിന്നുകൊണ്ട് സ്ത്രീ സമൂഹത്തിൻറെ സമഗ്ര വികസനത്തിന് ഊന്നൽ നൽകി കൊണ്ട് നാടിൻറെ സുസ്ഥിര വികസനത്തിന്, സ്ത്രീസമൂഹത്തിൻറെ പ്രതീക്ഷകൾ സ്വാർത്ഥമാക്കുന്നതിനെല്ലാം **"സ്ത്രീ പക്ഷ നവകേരളം"** എന്ന കാഴ്ചപ്പാട് ഉയർത്തി പിടിച്ചുകൊണ്ടുള്ള ബജറ്റാണ് 2024-25 സാമ്പത്തിക വർഷം കൊടകര ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യമിടുന്നത്.

പൊതു പണം കൈകാര്യം ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോ സാമ്പത്തിക വർഷത്തിനു മുമ്പ് അടുത്ത സാമ്പത്തിക വർഷത്തേക്കു തങ്ങളുടെ ചുമതല നിർവ്വഹണത്തിനായി വിഭവങ്ങൾ സമാഹരിക്കുന്നതിനെയും ഈ വിഭവങ്ങൾ പ്രയോജനപ്പെടുത്തി നടപ്പിലാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങളെയും, ഭരണ നിർവഹണ ചെലവുകളെയും സംബന്ധിച്ച് വർഷാരംഭത്തിന് മുമ്പ് തയ്യാറാക്കുന്ന സാമ്പത്തിക പ്ലാൻ ആണ് ബജറ്റ്. തദ്ദേശസ്വയം ഭരണ സ്ഥാപനത്തിൻറെ ബജറ്റ് അതിൻറെ നയ പ്രഖ്യാപന രേഖ കൂടി ആണ്.

നടപ്പ സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചതുപോലെ വിഭവസമാഹരണവും ധനവിനിയോഗവും നടന്നുവോ എന്നതിൻറെ പുതുക്കിയ കണക്കുകളും അടുത്ത വർഷത്തേക്കുള്ള മതിപ്പ് അടങ്കലുകളും ചേർന്നതാണ് ബജറ്റ്. ബജറ്റിന് വിധേയമായി ധനസമാഹരണവും ധനവിനിയോഗവും നടന്നുവോ എന്നും ഭരണം കാര്യക്ഷമമായി നടന്നോ എന്നും വിലയിരുത്താനും ഭരണക്കൂടത്തിൻറെ അക്കൌണ്ടബിലിറ്റി നിറവേറ്റിയോ എന്ന് ബോധ്യപ്പെടുത്താനും ബജറ്റിലൂടെ സാധിക്കുന്നു.

സ്ത്രീ, പുരുഷ, ട്രാൻസ്ജെൻറർ തുല്യതയ്ക്ക് ആവശ്യമായ മുൻഗണനകൾ ഉൾപ്പെടുത്തിക്കൊണ്ട് സാമൂഹികമാറ്റത്തിനും തുല്യ നീതിയും ഉറപ്പ വരുത്തുന്നതിന് വേണ്ടിയുള്ളതാണ് **ജെൻറർ ബജറ്റ്**. കൊടകര ബ്ലോക്ക് പഞ്ചായത്തിൻറെ ബഹുവർഷ പദ്ധതിയായ **ഷീ വർക്ക് സ്പെയ്സ് അഥവാ പെൺതൊഴിലിടം എന്ന പദ്ധതിയിലൂടെ ജെൻറർ ബജറ്റ്** എന്ന യാഥാർത്ഥ്യം സഫലമാക്കാൻ സാധിക്കും .

2024–25 സാമ്പത്തിക വർഷത്തെ പൊതുവികസന ഫണ്ടിൽ നിന്നും ലഭ്യമായ തുകക്കുള്ള പ്രൊജക്റ്റുകൾ കണ്ടെത്തി 2024 ഏപ്രിൽ ഒന്ന് മുതൽ തന്നെ നടപ്പിലാക്കുന്നതിന് ഊന്നൽ നല്കികൊണ്ടുള്ള ബജറ്റാണ് ഇവിടെ വിഭാവനം ചെയ്യുന്നത്. വിശദമായ പഠനത്തിൻറെയും കൃത്യമായ വിവരശേഖരണത്തിൻറെയും അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യപ്പെടുന്ന മുന്നൊരുക്കങ്ങളിലൂടെ മാത്രമേ പ്രശ്നങ്ങളെ ഫലപ്രദമായും സമയബന്ധിതമായും പരിഹരിക്കുവാൻ സാധിക്കുകയുള്ളു. വികസനത്തിൻറെ ഒരോ മേഖലയേയും സംബന്ധിച്ച് കാഴ്ചപ്പാട്, ലക്ഷ്യം, പൊതുസമീപനവും ബ്ലോക്ക് പഞ്ചായത്തിൻറെ ദീർഘകാലവികസന കാഴ്ചപ്പാടും മുൻഗണനകളും താഴെ ചേർക്കുന്നു.

## 1. പൊതുഭരണവും ധനകാര്യവും

പൊതുജനങ്ങൾക്കാവശ്യമായ സേവനങ്ങൾ കൃത്യമായും വേഗത്തിലും ലഭ്യമാക്കുക എന്നതാണ് ബ്ലോക്ക് പഞ്ചായത്തിൻറെ കടമ. ഇതിനുവേണ്ടിയുള്ള മുഴുവൻ പശ്ചാത്തല സൗകര്യങ്ങളും ഓഫീസിൽ ലഭ്യമാണ്. ഓഫീസിൽ

ലഭിക്കുന്ന മുഴുവൻ അപേക്ഷകൾക്കും നിവേദനങ്ങൾക്കും കൈപ്പറ്റി രസീതി നൽകിവരുന്നുണ്ട്.

**കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ**

**പ്രശ്നവിശകലനം**

- ബ്ലോക്ക് പഞ്ചായത്തിൻറെയും കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനം
- ആശുപത്രികളുടെ മികച്ച സേവനം
- തനത് ഫണ്ടിൻറെ അപര്യാപ്തത

**പ്രശ്ന പരിഹാര സാധ്യതകൾ**

- ബ്ലോക്ക് പഞ്ചായത്തിനും ഘടക സ്ഥാപനങ്ങൾക്കും ആധുനിക സൗകര്യങ്ങളോടെ പുതിയ കെട്ടിടം, അനുബന്ധ സാമഗ്രികളും.
- ആശുപത്രികളുടെ സമഗ്രവികസനത്തിന് സമഗ്ര പ്ലാൻ തയ്യാറാക്കുക
- ഓഡിറ്റോറിയം നവീകരിച്ച് വാടക വർദ്ധിപ്പിക്കുക വഴി തനത് ഫണ്ട് വർദ്ധിപ്പിക്കേണ്ടതുണ്ട്
- വിവരസാങ്കേതിക വിദ്യ കൂടുതൽ ഉപയോഗപ്രദമാക്കുക
- സംസ്ഥാന സർക്കാരിന്റെ ഫണ്ട്കളും MLA, MP ഫണ്ട്കളും ലഭ്യമാക്കണം.

ഈ മേഖലയിൽ കണ്ടെത്തിയ പ്രശ്നങ്ങളെ വിശകലനം ചെയ്തതിൻറെ അടിസ്ഥാനത്തിൽ മുഴുവൻ ഘടകസ്ഥാപനങ്ങളും ISO 9001 – 2015

സർട്ടിഫിക്കേഷൻ നേടി എടുക്കാൻ കഴിഞ്ഞിട്ടുണ്ട്. വരുംകാലങ്ങളിൽ അത് നില നിറുത്താൻ ഏകദേശം നാല് ലക്ഷം രൂപയോളം നടപ്പുവർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ്- വനിതാഗ്രൂപ്പ് വ്യക്തിഗത M.E. യൂണിറ്റുകളുള്ള വനിതകളെ കണ്ടെത്തി ഗ്രൂപ്പ് ആക്കിയാൽ, തനത് മേഖലകളിൽ വികസനങ്ങൾ കൊണ്ടുവരാം. ഈ ജെൻഡർ കാഴ്ചപ്പാടിലൂടെ ഫ്രണ്ട് ഓഫീസ് സംവിധാനം മികവുറ്റതാക്കാം. ബ്ലോക്ക് പഞ്ചായത്തിൻറെ കീഴിലുള്ള രണ്ട് ആശിപത്രികൾക്കും കായകല്പം, NQAS, NABH(National Accrediatation Board For Hospitals And Health Care), Lakshya എന്നി പുരസ്ക്കാരങ്ങൾ നേടിയെടുക്കാനും മറ്റ് കാര്യങ്ങൾക്കുമായി ആവശ്യമായ തുക വകയിരുത്തിട്ടുണ്ട്. പുതുക്കാട് താലൂക്ക് ആശുപത്രികളും മറ്റത്തൂർ CHC കളും ISO സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. ആയത് നിലനിർത്തുന്നതിന് വേണ്ട അടിസ്ഥാനസൗകര്യങ്ങൾക്ക് വേണ്ട തുക വകയിരുത്തിട്ടുണ്ട്.

Block Information Centre നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു.

## 2. കൃഷി അനുബന്ധമേഖലകൾ

### ഉല്പാദന മേഖല

**2,22,52,600 രൂപ** കാർഷിക മേഖലയിൽ ചെലവഴിക്കും 45 ലക്ഷം രൂപ കൂലി ചിലവ് സബ്സിഡി വകയിരുത്തുന്നു. **"പൊലിമ പുതുക്കാട്"** എന്ന നമ്മുടെ എം.എൽ.എ വിഭാവന ചെയ്ത പച്ചക്കറി കൃഷിക്ക് മൂന്ന് ലക്ഷം രൂപ വകയിരുത്തുന്നു. അഗ്രോ സർവീസ് സെന്റർ നടപ്പിലായി. മൂന്നാം വിള ഗ്രൂപ്പ്

ഫാമിംഗ് വിത്ത് നൽകൽ, പുഷ്പ കൃഷി എന്നിവ ഈ മേഖലയിൽ സമഗ്രമായി നടപ്പിലാക്കി വരുന്നു.

**പ്രശ്നവിശകലനം**

- തരിശുഭൂമിയുടെ സാന്നിധ്യം
- ജലസേചനസൗകര്യങ്ങളുടെ അപര്യാപ്തത
- അടിസ്ഥാനസൗകര്യവികസനം
- അമിതമായ രാസവളപ്രയോഗം
- മൂല്യവർദ്ധിത ഉല്പനങ്ങളുടെ കുറവും കാർഷിക ഉല്പന്നങ്ങളുടെ വിലകുറവും
- കാലാവസ്ഥാവ്യതിയാനം
- ഉല്പാദന വർദ്ധനവ്, ഉയർന്ന കാർഷിക സംസ്കാരം
- വന്യജീവി ആക്രമണം, പച്ചക്കറി, പഴവർഗ്ഗ ഉല്പാദനം, നെല്ല്, തെങ്ങ്
- മേൽ മണ്ണിൻറെ ഫലഭൂയിഷ്ഠത നഷ്ടപ്പെടുന്ന അവസ്ഥ

**പ്രശ്ന പരിഹാര സാധ്യതകൾ**

- തരിശുരഹിത ബ്ലോക്ക് പദ്ധതി നടപ്പിലാക്കുക
- ജലസേചനസൗകര്യത്തിന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുക
- നല്ലയിനം വിത്തുകൾ, വളം സബ്സിഡി, കൂലിചെലവ് സബ്സിഡി എന്നിവ നൽകുക

- ആധുനിക യന്ത്രവത്ക്കരണം നടപ്പിലാക്കുക
- ജൈവകൃഷി പ്രോത്സാഹിപ്പിക്കുക
- കാർഷിക വിപണനകേന്ദ്രങ്ങൾ ആരംഭിക്കുക
- വെർട്ടിക്കൽ ഫാമിംഗ് ഉൾപ്പെടെ അനുയോജ്യമായ കൃഷിരീതികൾ അവലംബിക്കുക
- തുള്ളിനന പ്രോത്സാഹിപ്പിക്കുക
- കാർഷിക സർവകലാശാലയുമായി ബന്ധപ്പെട്ട് ബയോടെക്നോളജി, നാനോ ടെക്നോളജി എന്നിവ നടപ്പിലാക്കുക
- ദീർഘവീക്ഷണ കാഴ്ചപ്പാടോടുകൂടി പദ്ധതികൾ ആവിഷ്കരിക്കുക. ഉദാ. ഇലക്ട്രിക്കൽ ഫെൻസിംങ്
- വന്യജീവികളുടെ ആക്രമണം തടയുന്ന ചെത്തിക്കൊടുവേലി പതിമുഖം, മാങ്ങയിഞ്ചി തുടങ്ങിയ കൃഷിഭൂമിയുടെ അതിരുകളിൽ വളർത്തുക

സർക്കാരിന്റെ നവകേരളമിഷന്റെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ചു കൊണ്ടുള്ള കാർഷികമേഖലയുടെ സമ്പൂർണ്ണ പുനരുദ്ധാരണത്തിനായി **തരിശുരഹിത ബ്ലോക്ക്** എന്ന പദ്ധതി ഈ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നെൽകൃഷി പുനരുദ്ധാരണം, നെല്ലുത്പാദനം വർദ്ധിപ്പിക്കൽ, എന്നി പദ്ധതികൾ ഈ ബജറ്റിൽ ഉൾപെടുത്തിയിട്ടുണ്ട്. ഇതിൽ തന്നെ **വനിതാകാർഷിക ഗ്രൂപ്പുകൾക്ക് മുൻഗണന നൽകുന്നു.** നിലവിലെ ഗ്രീൻ

ആർമിയിൽ കൂടുതൽ പേരെ ഉൾപെടുത്തി ഗ്രൂപ്പിനെ പുനരുജ്ജീവിപ്പിച്ച പുതിയ യന്ത്രങ്ങളുടെ ഉപയോഗ രീതി, അവയുടെ അറ്റകുറ്റപണികൾ നടത്തുന്നതിനും പരിശീലനം നൽകി യന്ത്രങ്ങൾ അവർക്കു തന്നെ കൈകാര്യം ചെയ്യുന്നതിനുള്ള പ്രാപ്തി നേടിയെടുക്കാനുള്ള പരിശീലനവും ഈ ബജറ്റ് ലക്ഷ്യം ഇടുന്നു. നെൽകൃഷി പുനരുദ്ധാരണം, നെല്ല് ഉല്പാദനം വർദ്ധിപ്പിക്കൽ, കർഷകർക്ക് കൂടുതൽ ധനസഹായം നൽകുക, പച്ചക്കറി സ്വയംപര്യാപ്തത ഗ്രാമങ്ങൾ, മൂല്യവർദ്ധിത കാർഷിക വിഭവങ്ങളുടെ ഉല്പാദനവും വിപണനവും കുടുംബശ്രീ ഗ്രൂപ്പ് വഴി ജൈവപച്ചക്കറി കൃഷി സംയോജിത കൃഷി എന്നിവ നടപ്പിലാക്കാൻ ഈ ബജറ്റിന്റെ വികസന കാഴ്ചപ്പാടാണ്. സ്ത്രീകളെ കൂടി കാർഷിക വൃത്തിയുടെ മുഖ്യധാരയിലേക്കു കൊണ്ടുവരാൻ വനിതാഗ്രൂപ്പുകളെ സജ്ജരാക്കികൊണ്ട് പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. അലങ്കാര **മത്സ്യകൃഷി രംഗത്തും, പടുതാകുളം മത്സ്യകൃഷിരംഗത്തും** ബ്ലോക്ക് പഞ്ചായത്തിലെ വനിതാഗ്രൂപ്പുകൾക്ക് മുൻഗണന നൽകുന്നു.

സംയോജിത നെൽകൃഷി വികസനം, പച്ചക്കറി കൃഷി, കൂലി ചെലവ് സബ്സിഡി ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നു. കൊടകര ബ്ലോക്ക് പഞ്ചായത്തിലെ അഗ്രോ സർവീസ് സെൻറർ കർഷകരുടെ ഒരു രജിസ്റ്റേഡ് സംഘമാണ്. ഇതിൽ കർഷകരും വനിതാകർഷകരും എസ്.സി വിഭാഗത്തിൽപ്പെട്ട വനിതാകർഷകരും ഇതിൽ അംഗങ്ങളാണ്. സർക്കാർ മാർഗ്ഗനിർദ്ദേശം അനുസരിച്ച് റിട്ടയേർഡ് കൃഷി ഓഫീസറെയാണ് അഗ്രോ സർവീസ് സെൻററിന്റെ കോർഡിനേറ്ററായി നിയമിച്ചിരിക്കുന്നത്. ADA യേയും ഏഴു പഞ്ചായത്തിലെ കൃഷി ഓഫീസർമാരും ബ്ലോക്ക് പഞ്ചായത്തിന്റെ

നേതൃത്വവും അഗ്രോ സെർവീസ് സെന്ററിന്റെ പ്രവർത്തനത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു. കാർഷികമേഖലയിലെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും, പരിഹരിക്കുന്നതിനും സർക്കാർ, കേന്ദ്രസർക്കാർ പദ്ധതികൾ കർഷകരിലേക്കും എത്തിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്ത് നേതൃത്വത്തിൽ നടക്കുന്ന ഹൈപവർ കമ്മിറ്റിക്കു കഴിഞ്ഞിട്ടുണ്ട്.

അഗ്രോ സർവീസ് സെന്റർ ഗ്രോ ബാഗുകൾ, വളനിർമ്മാണം, തരിശുഭൂമി കൃഷി, യന്ത്രവൽകൃത കൃഷി എന്നിവയിൽ ശ്രദ്ധ കേന്ദ്രികരിച്ച് ഊർജ്ജിതമായി പ്രവർത്തിക്കുന്നു. അഗ്രോ സർവീസ് സെന്ററിന്റെ പ്രവർത്തനത്തിന് ആവശ്യമായ കൂലി തുക കണ്ടെത്തുന്നതിനും, സാമ്പത്തിക മറ്റ് ആവശ്യങ്ങൾക്കും, വാഹനചെലവിനും, മറ്റുമായുള്ള പണം കണ്ടെത്താനും മിഷനറി മെയിന്റെനൻസിനും സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനും ഇക്കാലയളവിൽ കഴിഞ്ഞത് ബ്ലോക്ക് പഞ്ചായത്തിന് അഭിമാനിക്കാവുന്ന നേട്ടമാണ്.

മഹാ പ്രളയങ്ങളും കോവിഡ്-19 എന്ന മഹാമാരിയും കാർഷിക മേഖലയിലെ കുതിപ്പിന് വെല്ലുവിളികൾ ഉയർത്തിയിട്ടുണ്ടെങ്കിലും ഇതിനെ എല്ലാം അതിജീവിച്ച് കൊണ്ട് സംസ്ഥാന സർക്കാരും പ്രാദേശിക സർക്കാരും കർഷകരോട്, കാർഷിക മേഖലയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കൂടെ തന്നെ ഉണ്ട്. തരിശുരഹിത ബ്ലോക്ക് പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്ക് കൊടകര ബ്ലോക്ക് പഞ്ചായത്ത് മുന്നേറുകയാണ്. **നീലാംബരി എന്ന് നാമകരണം ചെയ്തിട്ടുള്ള പുഷ്പകൃഷിക്ക് 50,000/- രൂപ വകയിരുത്തുന്നു.**

## 3. മൃഗസംരക്ഷവും ക്ഷീരവികസനവും

കൃഷിയുടെ അനുബന്ധമേഖലയായ മൃഗസംരക്ഷണം, ക്ഷീരവികസനം എന്നി മേഖലകളിൽ ബ്ലോക്ക് പഞ്ചായത്തിന് ആശാവഹമായ പ്രവർത്തന പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ 11 ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിലൂടെ പ്രതിദിനം 9000 ലി. പാൽ സംഭരിച്ച് വിപണനം ചെയ്യുന്നു. ഈ സാമ്പത്തിക വർഷം **10,000 Litres പാൽ** സംഭരിച്ച് വിതരണം ചെയ്യാൻ നമ്മൾ ലക്ഷ്യമിടുന്നു. പാൽ അളക്കുന്നവർക്ക് സബ്സിഡിയായി **12 ലക്ഷം** രൂപ വകയിരുത്തിയിട്ടുണ്ട്. **"ഒറ്റപശു തൊഴുത്ത്"** എന്ന പദ്ധതി കേരള സർക്കാർ അതിദാരിദ്ര്യ വിഭാഗത്തിൽപെടുന്ന ജന വിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി തെരഞ്ഞെടുക്കപെട്ട ബ്ലോക്കുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഈ വര്ഷം ആരംഭിച്ച പദ്ധതിയാണ്. കൊടകര ബ്ലോക്കിലും ടി പദ്ധതി നടപ്പിലാക്കി വരുന്നു. ഒരു പശുവിനും തൊഴുത്തിനും **95,400** രൂപ ഓരോ ഗുണഭോക്തവിനും നൽകുന്നു.

**പ്രശ്ന വിശകലനം**

- മുട്ട, പാൽ, മാംസം എന്നിവയുടെ വർദ്ധിച്ച വരുന്ന ആവശ്യം
- യുവജനങ്ങളുടെ പങ്കാളിത്ത കുറവ്
- ആധുനിക രീതിയിലുള്ള സ്ലോട്ടർഹൗസിൻറെ അപര്യാപ്തത,

- ആധുനിക രീതിയിലുള്ള മാംസ സംസ്കരണ കേന്ദ്രങ്ങളുടെ അഭാവം
- തീറ്റപ്പുൽ കൃഷിയുടെ കുറവ്
- കാലിത്തീറ്റയുടെ വില വർദ്ധനവ്
- കന്നുകാലികൾക്കും കോഴികൾക്കും ഉണ്ടാകുന്ന സാംക്രമിക രോഗങ്ങൾ
- ക്ഷീരകർഷകർക്ക് കൃഷി ചെലവിനും അദ്ധ്വാനഭാരത്തിനും അനുസൃതമായി വരുമാനം ലഭിക്കാത്ത അവസ്ഥ

പ്രശ്ന പരിഹാര സാധ്യതകൾ

- മുട്ട, പാൽ, മാംസം എന്നിവയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിക്കുന്നു.
- ബോധവൽക്കരണ ക്യാമ്പുകളും ചർച്ചകളും സംഘടിപ്പിക്കുക
- ആധുനിക രീതിയിലുള്ള സംയുക്ത പദ്ധതികൾ ആവിഷ്കരിക്കുക
- തീറ്റപ്പുൽകൃഷി പ്രോത്സാഹിക്കുക.
- തരിശായികിടക്കുന്ന സ്ഥലം കണ്ടെത്തി പുൽകൃഷി ചെയ്യുകയും സബ്സിഡി നൽകുകയും ചെയുക.
- മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി ഉല്പാദനം നടത്തുക. ഇവയുടെ വിപണനത്തിന് ബ്ലോക്ക്തലത്തിൽ സെന്റർ സ്ഥാപിക്കുക
- സുഭിക്ഷകേരളം പദ്ധതി വഴി പശുക്കളെയും തൊഴുത്തും നൽകി പാലുല്പാദനം വർദ്ധിപ്പിക്കാനുള്ള സംരഭങ്ങൾ ലക്ഷ്യമിടുന്നു.
- പശുക്കൾക്കുള്ള തീറ്റ ചിലവ് കുറക്കുന്നതിനായി സബ്സിഡിയോടുകൂടി

പുൽകൃഷി നടപ്പിലാക്കിയിട്ടുണ്ട്.

- കാലിതീറ്റയോടെപ്പം അസോള നൽകുന്നതിനായി അസോള പദ്ധതിയിലൂടെ കർഷകർക്ക് സബ്സിഡി നൽകുന്നു.
- ക്ഷീരസംഘങ്ങൾക്ക് നവീകരണത്തിനായി മിൽക്ക് കളക്ഷൻ റൂം, ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെൻറർ എന്നിവയ്ക്ക് ധനസഹായം നൽകുന്നു.

## 4. പ്രാദേശിക സാമ്പത്തിക വികസനം

### ചെറുകിട വ്യവസായം

സംസ്ഥാന സൂക്ഷ്മ ചെറുകിട വ്യവസായ രംഗത്ത് രണ്ടാംസ്ഥാനം ആണ് തൃശ്ശൂർ ജില്ലക്കുള്ളത്. കാർഷിക പ്രകൃതി വിഭാഗങ്ങളെ അടിസ്ഥാനമാക്കിയാണ് ജില്ലയുടെ വ്യവസായ മേഖലയുടെ നിലനില്പ്. തൃശ്ശൂർ ജില്ലയിൽ സൂക്ഷ്മചെറുകിട വ്യവസായ രംഗത്ത് രണ്ടാം സ്ഥാനമാണ് കൊടകര ബ്ലോക്ക് പഞ്ചായത്തിനുള്ളത്. 250 കോടിയോളം രൂപയുടെ നിക്ഷേപമാണ് 1374 അതിസൂക്ഷമ ചെറുകിട സംരഭങ്ങൾ വഴി കൊടകര ബ്ലോക്ക് പഞ്ചായത്തിലുള്ളത്. ഇതുവഴി 6000 ത്തോളം തൊഴിൽ അവസരങ്ങളും ലഭ്യമായിട്ടുണ്ട്.

കൊടകര ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിൽ കൊടകര പഞ്ചായത്തിലാണ് കൂടുതൽ ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിരിക്കുന്നത്. വൻകിട വ്യവസായ

മേഖലയിൽ ഉൾപ്പെട്ട രണ്ട് സ്ഥാപനങ്ങളാണ് കൊടകര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്നത്. കൊടകര ഗ്രാമപഞ്ചായത്തിൽ പേരാമ്പ്രയിൽ സ്ഥിതി ചെയ്യുന്ന അപ്പോള ടയേഴ്സ്, അളഗപ്പ നഗർ ഗ്രാമപഞ്ചായത്തിലുള്ള എൻ.ടി.സി. ഈ സാമ്പത്തിക വർഷം ചെറുകിട **സൂക്ഷ്മസംരംഭങ്ങൾക്ക് 7.5 ലക്ഷം രൂപയും, പരമ്പരാഗത കൈതൊഴിൽ സംരംഭങ്ങൾ 1 ലക്ഷം രൂപയും, നൈപുണ്യ വികസന പരിശീലനത്തിന് 1 ലക്ഷം രൂപയും വകയിരുത്തുന്നു.**

## പരാമ്പരാഗത വ്യവസായം

തൃശ്ശൂർ ജില്ലയിലെ പരാമ്പരാഗത വ്യവസായങ്ങളിൽ ഒന്നാണ് ഓട് വ്യവസായം. ആയിരക്കണക്കിന് തൊഴിലാളികൾക്ക് ജീവിതമാർഗ്ഗമായിരുന്ന ഈ വ്യവസായം ഇന്ന് തകർച്ചയുടെ വക്കിലാണ്. തൃശ്ശൂർ ജില്ലയിൽ ഏറ്റവും കൂടുതൽ ഓട്ടുകമ്പനികൾ കൊടകര ബ്ലോക്ക് പഞ്ചായത്തിൽ നെൻമണിക്കര പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഓടിട്ട വീട് സമൂഹത്തിന്റെ സമ്പന്നതയുടെയും തറവാട്ടു മഹിമയുടെയും അടയാളമായി കണക്കാക്കിയിരുന്ന ഒരു കാലം ഉണ്ടായിരുന്നു. ഓട് വീടുകൾ ക്രമേണ കോൺക്രീറ്റ് സൗധങ്ങൾക്ക് വഴി മാറിയപ്പോൾ ഈ വ്യവസായം പരുങ്ങലിലായി. എന്നാൽ വൈവിധ്യ വൽക്കരണത്തിലൂടെ ഡിസൈനർ ടൈയിൽസ്, വെതർ പ്രൂഫ് ടൈയിൽസ് എന്നിവയിലൂടെ ഈ വ്യവസായത്തിന് പുതുജീവൻ പകർന്നു എങ്കിലും അസംസ്കൃത വസ്തു ആയ കളിമണ്ണ് ഈ മേഖല നേരിടുന്ന വലിയ വെല്ലുവിളിയാണ്. കൊടകര ബ്ലോക്ക്

പഞ്ചായത്ത് പരിധിയിൽ ആദ്യകാലങ്ങളിൽ 100 ൽ അധികം ഓട്ടു കമ്പനികൾ പ്രവർത്തിച്ചിരുന്ന കാലത്ത് കടുത്ത വെല്ലുവിളകൾ അതീജീവിച്ച് ഇന്ന് നാമമാത്ര എണ്ണമാണ് പ്രവർത്തിക്കുന്നത്.

കേരളത്തിന്റെ സംസ്കാരം വിളിച്ചോതുന്ന ഒന്നാണ് കളിമൺ പാത്ര വ്യവസായം. കേരളത്തിൽ ഇന്നും കുലതൊഴിലുകളെ നെഞ്ചോട് ചേർത്ത് നിർത്തുന്ന അപൂർവ്വം ചില കുലതൊഴിലുകളുണ്ട്. കൊടകര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ കൊടകര, സ്നേഹപുരം, ചിറ്റിശ്ശേരി, എന്നി മേഖലകളിലാണ് മൺകല നിർമ്മാണം ഇപ്പോഴും നില നിൽക്കുന്നത് . ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ഉൽപന്നത്തിന് മാർക്കറ്റ് കണ്ടെത്താൻ കഴിയാത്തതാണ്, ഉൽപാദന ചിലവിന് അനുസൃതമായി ഉൽപന്നത്തിന് വില ലഭിക്കാത്തത്, അസംസ്കൃത വസ്തുവായ കളിമണ്ണിന്റെ ലഭ്യത കുറവ്, സാമ്പത്തികമായ പിന്നാക്കം നിൽക്കുന്ന വിഭാഗമായതിനാൽ ബാങ്ക് വായ്പ ലഭിക്കാനുള്ള ബുദ്ധിമുട്ട്, കാലാനുസൃതമായി യന്ത്രവൽക്കരണം, ഈ മേഖലയിൽ നടപ്പിലാക്കാതെ പോയതെല്ലാം ഈ വ്യവസായത്തിന് തിരിച്ചടിയായി. മറ്റൊരു പരാമ്പരാഗത വ്യവസായമാണ് ഈറ്റ, മുള, ഉപയോഗിച്ചുള്ള ഉൽപന്നങ്ങളുടെ നിർമ്മോണം. കൊടകര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വെള്ളിക്കുളങ്ങര മേഖലയിൽ 25 ൽ താഴെ തൊഴിലാളികളാണ് ഇത് ഉപജീവനമാർഗ്ഗമായി തുടരുന്നത്.

പ്രശ്ന വിശകലനം

- ഓട്ടുക്കമ്പനികളുടെ ഉദ്ധാരണം

- ചെറുകിട വ്യവസായങ്ങളുടെ കുറവ്
- അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത
- നൂതന സാങ്കേതികവിദ്യകളുടെ അഭാവം
- SC വനിതാ വ്യവസായ കേന്ദ്രം പുനർജീവിപ്പിക്കുക

**പ്രശ്ന പരിഹാര സാധ്യതകൾ**

- ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുക
- ഒരുവീട്ടിൽ ഒരു ചെറുകിട വ്യവസായം എന്ന ഗ്രാമ പദ്ധതി ആവിഷ്കരിക്കുക
- പരാമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഉല്പന്നങ്ങളുടെ വിപണനത്തിനായി ബ്ലോക്ക് തലത്തിൽ സൗകര്യം ഒരുക്കുകയും ചെയ്യുക.
- വർക്ക്ഷെഡ് ഉൾപ്പെടെയുള്ള കൺവേർജൻസ് മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പുവഴി നടപ്പിലാക്കുക
- നൂതന സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിന് ഓറിയന്റേഷൻ ക്ലാസ്സുകളും പരിശീലന പരിപാടികളും നടപ്പിലാക്കുക

**വനിതാവ്യവസായ സംരംഭങ്ങൾ**

സ്ത്രീ ശാക്തികരണത്തിന്റെ ഭാഗമായി വനിതകളെ മുൻനിരയിൽ എത്തിക്കുക എന്ന ഉദ്ധേശത്തോടെ ബ്ലോക്ക് പഞ്ചായത്തിന്റെ വനിതാഘടക പദ്ധതിയിൽ ഓരോ സാമ്പത്തിക വർഷവും കൂടുതൽ തുക മാറ്റി വെക്കുന്നുണ്ട്.

കഴിഞ്ഞ വർഷം 3 വനിതാഗ്രൂപ്പുകൾക്ക് അവരുടെ കുംടുബങ്ങൾക്ക് വരുമാന മാർഗ്ഗം കണ്ടെത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

## 5. ദാരിദ്ര്യലഘൂകരണം

### തീവ്ര ദാരിദ്ര്യം ഒഴിവാക്കൽ

ലോക ഹംഗർ സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 2014 ൽ 55 ആയിരുന്നത് 2018 ൽ 103 ഉം 2022 ൽ 107 ഉം ആയി താഴ്ന്നിരിക്കയാണ്. അങ്ങനെ വിശപ്പ കൂടി കൊണ്ടിരിക്കുന്ന നമ്മുടെ രാജ്യത്ത് വിശപ്പരഹിത സംസ്ഥാനമായി മാറ്റുമെന്ന വെല്ലുവിളി നമ്മളേറ്റെടുത്ത് വിജയിപ്പിച്ചതാണ്. ഇനി നമ്മുടെ ബ്ലോക്കിലെ 311 ൽ പരം തീവ്ര ദാരിദ്ര്യം അനുഭവപ്പെടുന്ന കുടുംബങ്ങൾക്ക് സൂക്ഷ്മ പദ്ധതികൾ തയ്യാറാക്കി ഗ്രാമ പഞ്ചായത്തുകളുടെ സഹായത്തോടെ Zero Poverty Block ആക്കി നമുക്ക് മാറ്റണം. നിലവിൽ മരണപ്പെട്ടവരെ ഒഴിവാക്കിയതിനു ശേഷം 297 കുടുംബങ്ങളാണ് ലിസ്റ്റിൽ അവശേഷിക്കുന്നത്.

ഗ്രാമപ്രദേശങ്ങളുടെ പുനരുദ്ധാരണം ലക്ഷ്യമാക്കി ഒറ്റപ്പെട്ടും കൂട്ടമായും ഉള്ള നിരവധി ഗ്രാമോദ്ധാരണ പ്രവർത്തനങ്ങൾ ദാരിദ്ര്യ ലഘൂകരണം ലക്ഷ്യമിട്ട് സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഇന്ത്യയിൽ നടന്നിട്ടുണ്ട്. ഇതിൻറെ ചുവട് പിടിച്ച് ആസൂത്രീത ദേശീയ വികസനത്തിന്റെ ഭാഗമായി 1952-ൽ പ്രാദേശിക തലത്തിൽ അങ്ങിങ്ങായി ആരംഭിച്ച കമ്മ്യൂണിറ്റി ഡവലപ്പ്മെൻറ് പ്രോഗ്രാമുകൾ 1963-ൽ 5243 കമ്മ്യൂണിറ്റി ഡവലപ്പ്മെൻറ്

ബ്ലോക്കുകളിലൂടെ ഇന്ത്യ ഒട്ടാകെ വ്യാപിച്ചു. ഒരു പ്രദേശത്തെ ഭൌതികവും അഭൌതികവുമായ വിഭവങ്ങളിലൂടെ സമ്പൂർണ്ണ വികസനം ലക്ഷ്യമാക്കി പട്ടിണിയെ മാറ്റുവാനും പാവപ്പെട്ടവനെ ഉയർത്താനും ബ്ലോക്ക് തലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ നിരവധി പഞ്ചവൽസര പദ്ധതിയിലൂടെ ഉദ്ദേശിച്ച ലക്ഷ്യം കണ്ടു. കൃഷി, ആരോഗ്യം, ശുചിത്വം, ഭവനനിർമ്മാണം, തൊഴിൽ നൽകൽ, വിദ്യാഭ്യാസം തുടങ്ങിയ സാമൂഹിക പദ്ധതികളിലൂടെ ഡവലപ്പ്മെൻറ് ബ്ലോക്കുകൾ ഇന്ത്യയിൽ ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങൾക്ക് ഒറ്റയാൾ പ്രവർത്തനം നൽകി. ഇത്തരം ഗ്രാമ വികസന പ്രവർത്തനങ്ങൾ വികസനം മുരടിച്ചുപോയ സ്വാതന്ത്ര്യാനന്തര ഗ്രാമങ്ങളിൽ ദിശയും ഉൾക്കാഴ്ചയും നൽകി. കാർഷിക മേഖലയിൽ വിപ്ലവം സൃഷ്ടിച്ച വിത്ത്, വളം, മോട്ടോർ എന്നിവയുടെ വിതരണപദ്ധതികളും വിവിധ തൊഴിൽ സഹായ പദ്ധതികളും ഭവന നിർമ്മാണ പദ്ധതികളും രാജ്യത്തെ സ്വയം പര്യാപ്തതയിലേക്ക് ഉയർത്തി.

തങ്ങളുടെ പ്രദേശത്തിന് വേണ്ട പദ്ധതികളുടെ രൂപികരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ പങ്ക് ചേരൽ ഉത്തേജിക്കപ്പെടുകയും കൂടുതൽ നടപ്പാതകൾ, ഗ്രാമീണ റോഡുകൾ, ശുചിത്വ കക്കൂസുകൾ, ഭവനങ്ങൾ, പാലങ്ങൾ, കലുങ്കുകൾ, ജലസേചനപദ്ധതികൾ എന്നിവ ബ്ലോക്ക് നേതൃത്വത്തിൽ പൂർത്തികരിച്ചു.

73, 74 ഭരണഘടന ഭേദഗതികളിലൂടെ കേരളത്തിൽ നിലവിൽ വന്ന പഞ്ചായത്ത് രാജ് നിയമം ത്രിതല പഞ്ചായത്തുകളെ സൃഷ്ടിക്കുകയും

അധികാരവികേന്ദ്രികരണ പ്രവർത്തനങ്ങളിലൂടെ ഭരണകാര്യങ്ങൾക്ക് വേഗതയും കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കുകയും ചെയ്തു. ത്രിതലപഞ്ചായത്തുകളുടെ ഏകോപനവും സ്ഥലപരമായ സംയോജനവും വികസന പദ്ധതികൾക്കൊപ്പം ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ സംയോജനവും വികസന കാഴ്ചപ്പാടുകളിൽ വ്യക്തതയും സുതാര്യതയും കൈവരുത്തി. LIFE, PMAY എന്ന പദ്ധതികൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിലെ വാസയോഗ്യമല്ലാത്ത വീടുകൾക്ക് ധനസഹായം നൽകി ഭവന ലഭ്യത ഉറപ്പുവരുത്തുക. സമയബന്ധിതമായി ഭവനനിർമ്മാണം പൂർത്തികരിക്കുക എന്നിവ ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യമിടുന്നു.

## സമ്പൂർണ്ണ പാർപ്പിടം

സമ്പൂർണ്ണ പാർപ്പിട ബ്ലോക്കായി മാറ്റുന്നതിനാണ് ഭരണസമിതി ലക്ഷ്യം വയ്ക്കുന്നത്. PMAY, LIFE എന്നി പദ്ധതികൾക്കായി 1,58,70,000 രൂപ **വകയിരുത്തുന്നു. സ്വരാജ് ട്രോഫി സമ്മാന തുകയിൽ നിന്ന് 5 ലക്ഷം രൂപ വീതം കൊടകര, നെന്മണിക്കര ഗ്രാമപഞ്ചായത്തുകളിൽ ലൈഫ് പദ്ധതിയിൽ ഫ്ലാറ്റ് നിർമ്മാണത്തിന് വകയിരുത്തിയിട്ടുണ്ട്.**

**പ്രശ്ന വിശകലനം**

- ഭവനനിർമ്മാണ ഉപഭോക്താക്കളുടെ ബാഹുല്യം
- ഭവന നിർമ്മാണ രംഗത്തെ വിഭവ പരിമിതി
- സമയബന്ധിതമായി ഭവനനിർമ്മാണം പൂർത്തിയാക്കുന്ന രീതിയില്ലുള്ള കാലതാമസം

പ്രശ്ന പരിഹാര സാധ്യതകൾ

- ജീർണ്ണിച്ചതും ശോചനീയാവസ്ഥയിൽ ഉള്ളതുമായ വീടുകൾക്ക് മുൻഗണന നൽകൽ
- ബ്ലോക്ക് പരിധിയിലുള്ള സ്ഥാപനങ്ങളുടെ CSR ഫണ്ടുകൾ ഉൾപ്പെടെയുള്ള സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുക
- വിവിധ വകുപ്പുകളുടെ സംയോജന സാധ്യതകൾ ഉപയോഗപ്പെടുത്തുക

സ്വന്തമായി താമസിക്കാൻ ഇടമില്ലാത്ത ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ പാർപ്പിട പ്രശ്നത്തിന് പരിഹാരമായി കേന്ദ്രാവിഷ്കൃത ഭവന പദ്ധതികളായ പ്രധാനമന്ത്രി ആവാസ് യോജന, സംസ്ഥാന സർക്കാരിൻറെ ഭവന പദ്ധതിയായ ലൈഫ് എന്നിവ ബ്ലോക്ക് പഞ്ചായത്തിൻറെ നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ലൈഫ് പദ്ധതിയുടെ നിർവ്വഹണത്തിന് ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകി വരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിലെ കാടർ സമുദായത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കായി PM JANMAN എന്ന പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. കൊടകര ബ്ലോക്കിൽപ്പെട്ട 9 ഗുണഭോക്താക്കളിൽ 2 പേർ ഇതിനോടകം എഗ്രീമെന്റ് വച്ചിട്ടുണ്ട്.

# 6. സാമൂഹ്യനീതി

**(ഭിന്നശേഷിയുള്ളവർ, വൃദ്ധർ, കുട്ടികൾ, ഭിന്നലിംഗം വിഭാഗം)**

## വയോജന സംരക്ഷണം

ജനസംഖ്യയുടെ 13 ശതമാനം വരുന്ന 60 വയസ്സിനു മുകളിലുള്ളവരുടെ എണ്ണം അതിവേഗത്തിൽ വളരുകയാണ്. കുടുംബഘടനയിലും മറ്റും വന്നിട്ടുള്ള മാറ്റങ്ങൾ **വയോജനങ്ങൾക്കായുള്ള** പരമ്പരാഗതമായ സംരക്ഷണങ്ങളെ ദുർബലപ്പെടുത്തിയിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ പുതിയ സാമൂഹ്യ സംവിധാനങ്ങളെ ബോധപൂർവ്വം നാം കരുപിടിപിക്കേണ്ടതുണ്ട്. ആയതിലേക്കായി **പ്ലാൻ ഫണ്ടിൻറെ 5% അതായത്** 28,00,000 രൂപ **വകയിരുത്തുന്നു.**

**ബ്ലോക്കിൻറെ കീഴിലുള്ള കൊടകര വല്ലപാടിയിലെ പകൽ പരിപാലന കേന്ദ്രത്തിൽ വിനോദത്തിനും വിശ്രമത്തിനും മാത്രമല്ല ഭക്ഷണത്തിനും ചികിത്സക്കുമുള്ള സൗകര്യം ഇവിടെ ഒരുക്കിയിട്ടുണ്ട്** . വീട്ടുകളിൽ തന്നെ കഴിയുന്ന രോഗികളായ വയോജനങ്ങളെ പാലിയേറ്റീവ് നെറ്റ് വർക്കിലൂടെ സംരക്ഷിക്കും. പെൻഷനേഴ്സ് സംഘടനകൾ, കുടുംബശ്രീ, പാലിയേറ്റീവ്/ആരോഗ്യ പ്രവർത്തകർ, തുടങ്ങിയവരടങ്ങുന്ന വയോജന സംഗമകളും, മേളകളും സംഘടിപ്പിക്കും. രണ്ട് ആശുപത്രികളും വയോജന സൗഹൃദമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സാമൂഹ്യക്ഷേമ പരിപാടികളും ക്ഷേമങ്ങളും നടപ്പിലാക്കുന്നതിനായി 1975 സെപ്റ്റംബർ 9 നാണ് സാമൂഹ്യക്ഷേമവകുപ്പ് രൂപം കൊണ്ടത്. 2012 ൽ ഇത് സാമൂഹ്യനീതി വകുപ്പായി

പുനർനാമകരണം ചെയ്യപ്പെട്ടു. കുട്ടികൾ, ദുർബലർ, വൃദ്ധർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ മാനസികരോഗ്യ നേടിയിട്ടും വീട്ടുകാർ സ്വീകരിക്കാത്തവർ തുടങ്ങിയ വിഭാഗങ്ങളുടെ പരിചരണവും ക്ഷേമവും വികസനവും ആണ് ഈ പദ്ധതിയുടെ ലക്ഷ്യം.

6 വയസിനു താഴെ പ്രായം ഉള്ള കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യം വിവിധ തരം പെൻഷനുകളായ വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, തൊഴിലാളികൾക്കുള്ള ക്ഷേമനിധികൾ, വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം എന്നി പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**സുശാന്തം – വയോജനക്ഷേമം അഗതി രഹിത കേരളം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ, അങ്കണവാടിനിർമ്മാണം, ഭിന്നശേഷിക്കാർക്ക് സൈഡ് വീലോട്ടു കൂടിയ സ്കൂട്ടർ, വയോജനങ്ങൾക്ക് പകൽ പരിപാലനകേന്ദ്രം, ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാകായിക മത്സരങ്ങൾ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്നീ പദ്ധതികൾ ബജറ്റിൽ ലക്ഷ്യമിടുന്നു.** കൊടകര വല്ലപാടിയിൽ വർഷങ്ങളായി പൂട്ടിക്കിടന്നിരുന്ന പകൽ പരിപാലന കേന്ദ്രം പ്രവർത്തനമാരംഭിച്ചു. ഇവിടെ ഒരു കെയർടേക്കറെ നിയമിക്കുകയും പത്രം, ടിവി, വയോജനങ്ങൾക്ക് ട്രെഡ്മിൽ എന്നിങ്ങനെയുള്ള സൗകര്യങ്ങൾ നൽകികൊണ്ട് ഈ സ്ഥാപനം മികച്ചതാക്കി. കൊടകര ബ്ലോക്ക് പഞ്ചായത്തിനെ **ഭിന്നശേഷി സൗഹൃദ ബ്ലോക്ക്** ആക്കി മാറ്റുന്നതിൻറെ

ഭാഗമായി 3 മുതൽ 18 വയസ്സുവരെ പ്രായമുള്ള അംഗപരിമിതരായ കുട്ടികൾക്ക് സഹായ ഉപകരണങ്ങൾ നൽകി അവരുടെ ജീവിതം സുഗമമാക്കുന്നതിനും ഈ കുട്ടികളുടെ മാതാപിതാക്കൾക്ക് ഇവരുടെ പരിപാലനത്തിനുള്ള ബുദ്ധിമുട്ട് ലഘൂകരിക്കാനും ബ്ലോക്കിന് കഴിഞ്ഞു. **തൃക്കൂർ ബഡ്സ് സ്കൂൾ സ്മാർട്ട് ആക്കുന്നതിനു വേണ്ടി 1.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.**

**പ്രശ്ന വിശകലനം**

- ഫലപ്രദമായ വിവരശേഖരണം പ്രശ്നപരിഹാര സംവിധാനത്തിന്റെ അഭാവം
- വൃദ്ധർ, അംഗപരിമിതർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ തുടങ്ങിയവരുടെ പ്രശ്നങ്ങൾ സംബന്ധിച്ച അവബോധന കുറവ്
- ദുർബലവിഭാഗങ്ങളോട് പൊതുസമൂഹം പുലർത്തുന്ന വികലമായ മനോഭാവം
- വൃദ്ധസംഘങ്ങളുടെ നിലനില്പ്
- സംയോജിത പദ്ധതികളുടെ അഭാവം

**പ്രശ്ന പരിഹാര സാധ്യതകൾ**

- എസ്.സി , എസ്.ടി. വിഭാഗത്തിൽപ്പെട്ട പാർശ്വവൽക്കരിക്കപ്പെട്ട

വിഭാഗങ്ങളെ ഉൾപ്പെടുത്തി പ്രോമോട്ടർമാരെ ഉൾപ്പെടുത്തിയും കൃത്യമായ വിവരശേഖരണം നടത്തൽ.

- ആവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തൽ
- ജനകീയ കൂട്ടായ്മയിലൂടെ ബോധവൽക്കരണം നടത്തുക
- വൃദ്ധസംഘങ്ങൾ രൂപികരിച്ച് പരിചയസമ്പന്നർ ആയിട്ടുള്ള വിവിധ മേഖലയിലെ വിദഗ്ധരെ ഉപയോഗപ്പെടുത്തൽ
- വയോജനങ്ങൾക്ക് I.P.0 പദ്ധതി പ്രകാരം ഇൻറഗ്രേറ്റഡ് പ്രോജക്ടുകൾ നടപ്പിലാക്കൽ

## 7. വനിതാഘടകപദ്ധതി (വനിതാവികസനം)

പ്രശ്ന വിശകലനം

- പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകളോട് പൊതുസമൂഹം പുലർത്തുന്ന വികലമായ മനോഭാവം
- സ്ത്രീകളിലെ ജീവിതശൈലി രോഗങ്ങളുടെ വർദ്ധനവ്
- ഫലപ്രദമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ആവശ്യമായ ഫണ്ടിൻറെ അപര്യാപ്തത
- നിയമങ്ങൾ സംബന്ധിച്ചും പദ്ധതികൾ സംബന്ധിച്ചും ഉള്ള അറിവില്ലായ്മ
- തൊഴിൽസാധ്യതയുടെയും തൊഴിൽ ഇടങ്ങളുടെയും കുറവ്

- സ്ത്രീകളുടെ സാമൂഹ്യ പദവിയിൽ നിലനിൽക്കുന്ന അസമത്വം.

പ്രശ്ന പരിഹാര സാധ്യതകൾ

- ബോധവൽക്കരണ ക്ലാസ്സുകളും ചർച്ചകളും സംഘടിപ്പിക്കുക
- 30 വയസ്സിന് മുകളിൽ ഉള്ള എല്ലാം സ്ത്രീകൾക്കും ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ നടത്തുക.
- വകുപ്പ് തല ത്രിതല പഞ്ചായത്തുകളുടെ സംയോജനത്തിലൂടെയും പദ്ധതികൾ ആവിഷ്ക്കരിക്കുക
- ആവശ്യമായ നിയമ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക
- **'ഷീ വർക്ക്സ്പേയ്സ്'** പദ്ധതി പരമാവധി ഉപയോഗപ്പെടുത്തുക.
- പെൺതൊഴിലിടം പ്രവർത്തന സജ്ജമാക്കൽ.

ലിംഗപദവി ബജറ്റ് ഒരു പ്രത്യേക ബഡ്ജറ്റ് അല്ല. മറിച്ച് ബജറ്റ് പ്രക്രിയയിൽ സ്ത്രീകളുടെ ആവശ്യങ്ങളും മുൻഗണനകളും ഉൾച്ചേർത്ത് കൊണ്ട് ആളുകളുടെ മനോഭാവങ്ങളിലൂടെ സാമൂഹികമാറ്റത്തിനും സ്ത്രീ പുരുഷ തുല്യത ഉറപ്പുവരുത്തുന്നതിനും വേണ്ടിയുള്ള ഇടപെടലുകളാണ്. സ്ത്രീകൾക്ക് ഇടയിൽ തന്നെ ഉള്ള ദുർബല വിഭാഗങ്ങളുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക, ധനവിഭാഗങ്ങളിൽ ഉള്ള പ്രാപ്യതയും നിയന്ത്രണവും ഉറപ്പുവരുത്തി അസമത്വം അവസാനിപ്പിച്ച് ലിംഗനീതി സാധ്യമാക്കുക. **വനിതാഘടകപദ്ധതിയിൽ ഈ ബജറ്റിൽ 24,45,51,000 രൂപ വകയിരുത്തിയിട്ടുണ്ട്.**

## ഷീ വർക്ക് സ്പേയ്സ് അഥവാ പെൺതൊഴിലിടം

ജില്ലാ ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ കൊടകര ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന **നൂതന പദ്ധതിയാണ് ഷീ വർക്ക്സ്പേസ്.** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തൊഴിലധിഷ്ഠിതമായ പദ്ധതികൾക്ക് രൂപം കൊടുക്കണമെന്ന കേരള സർക്കാരിന്റെ നിലപാടുകളിൽ നിന്നാണ് കൊടകര ബ്ലോക്ക്പഞ്ചായത്ത് ഷീ വർക്ക്സ്പേസ് എന്ന പദ്ധതി വിഭാവനം ചെയ്തത്. ദേശീയപാതയോട് ചേർന്ന് കൊടകര പഞ്ചായത്തിൽ വല്ലപാടിയിൽ ഒരേക്കർ ഭൂമി ഉപയോഗപ്പെടുത്തി വനിതകൾ, കുട്ടികൾ, ഭിന്നശേഷി വിഭാഗക്കാർ, സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗം എന്നിവർക്ക് മുൻഗണന നൽകുന്ന പ്രസ്തുത പ്രോജക്ടിൽ തൊഴിൽ മേഖലയിലേക്ക് സ്ത്രീകൾക്ക് തുല്യമായ അവസരം, സാമ്പത്തിക സ്വാശ്രയത്വം, സാമൂഹിക സുരക്ഷ എന്നിവ പ്രദാനം ചെയ്ത്, ഐ.ടി. വനിത സ്വയം സംരംഭകത്വം ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, കുട്ടികളുടെ പരിപാലനം, ഫാർമസി എന്നിവ ഉൾപ്പെടുന്നുണ്ട്. പ്രസ്തുത പ്രോജക്ട് **6 നിലകളിലായി 83,390 സ്വകയർഫിറ്റിൽ 30 കോടി രൂപ ചിലവഴിച്ച്** പൂർത്തികരിക്കാൻ വിഭാവനം ചെയ്യുന്നു. ഈ പദ്ധതിയുടെ ആദ്യഘട്ടം 36260 സ്വകയർഫീറ്റ്. ഇതിൻറെ ചെലവ് 10 കോടി 35 ലക്ഷം ആണ്. ഈ പദ്ധതിയിൽ ഗസ്റ്റ് ഹൗസ് വിഭാഗത്തിൽ സിംഗിൾ റൂം ഡബിൾ റൂം, ഡോർമിറ്ററി, ഡൈനിംഗ് സ്പെയിസ്, സെൽഫ് കുക്കിംഗ് ഏരിയ , ലോഞ്ചുകൾ എന്നിവ ഉൾപ്പെടുന്നു.

അഡ്മിനിസ്ട്രേക്ഷൻ വിഭാഗത്തിൽ ഓഫീസ്, റിസപ്ഷൻ ആൻഡ് ലോബി, ഫയൽ സ്റ്റോറേജ്, എന്നിവയുണ്ട്. സേവനമേഖലയിൽ ഇലക്ട്രിക്കൽ റൂം, ജനറേറ്റർ റൂം, എ.എച്ച്.യു റൂം, ബി.എം.എസ്/സി.സി.ടി.വി എന്നിവ ഉൾപ്പെടുന്നു. സമൂഹത്തിലെ വിവിധ മേഖലയിൽപ്പെട്ട ജന വിഭാഗങ്ങൾക്ക് പ്രത്യക്ഷമായി 1000 ഓളം പേർക്കും പരോക്ഷമായി 2000 ഓളം പേർക്കും തൊഴിൽ പ്രദാനം ചെയ്യുന്ന വളരെ ഉപകാരപ്രദമായ ഒന്നാണ് പെൺതൊഴിലിടം ആണ് ദീർഘകാല വികസന കാഴ്ചപ്പാടിൽ ബ്ലോക്ക് പഞ്ചായത്ത് ഈ ബജറ്റിൽ 1 കോടി രൂപ വകയിരുത്തിയിരിക്കുന്നത്.

കോവിഡ്-19 മഹാമാരിയുടെ കാലഘട്ടത്തിൽ സ്ത്രീകൾ അനുഭവിച്ച കടുത്ത മാനസിക സംഘർഷങ്ങളായ കുട്ടികളുടെ പരിപാലനം, വൃദ്ധരായ മാതാപിതാക്കളുടെ സംരക്ഷണം, വീട്ടിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ ഉണ്ടെങ്കിൽ അവരുടെ പരിപാലനം, വൈഫൈ ഡാറ്റയുടെ അപര്യാപ്തത എന്നിവ **'വർക്ക് ഫ്രം ഹോം'** എന്ന ആശയത്തിനു പ്രചാരം നൽകി. **'വർക്ക് നിയർ ഹോം'** എന്ന ലക്ഷ്യം സാധൂകരിക്കുന്നതിനു വേണ്ടിയാണു **"ഷീ വർക്ക്സ്പേസ്"** എന്ന സ്വപ്ന പദ്ധതിയുമായി കൊടകര ബ്ലോക്ക് പഞ്ചായത്ത് മുന്നോട്ട് വന്നത് .

ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഫണ്ട്, **ജില്ലാബ്ലോക്ക് ഗ്രാമപഞ്ചായത്ത് ഫണ്ടും കൂടാതെ നബാർഡ് ഫണ്ടും ചേർത്ത് 24,45,51,000 രൂപ ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തിയിട്ടുണ്ട്.** ഇതിലൂടെ ലിംഗപരമായ തൊഴിൽ വിഭജനം ഇല്ലാതാക്കുക, വീട്ടുജോലി, കുട്ടികളുടെ പരിരക്ഷ എന്നി ചുമതലകൾ പങ്ക് വെയ്ക്കപ്പെടുക, ഭിന്നശേഷി കുട്ടികളുടെ അമ്മമാർക്ക് തൊഴിൽ

പരിശീലനം നൽകുക, സ്ത്രീകളുടെ തൊഴിൽ മേഖലയിലെ മാനസിക സംഘർഷം കുറയ്ക്കുക എന്നി ലക്ഷ്യങ്ങൾ നേടിയെടുക്കാനാവും.

## 8. A. പട്ടികജാതി വികസനം

സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നിലായി പോയ ഒരു ജനവിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ച ഉയർത്തുന്നതിനായി നിരവധി പദ്ധതികളാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്.

ബ്ലോക്ക് പരിധിയിൽ വരുന്ന പട്ടികജാതി–പട്ടികവർഗ്ഗക്കാർക്ക് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് പഠനമുറി, മെറിറ്റോറിയസ് സ്കോളർഷിപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 700 പട്ടികജാതി കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ, പട്ടികജാതി ഡിപ്പാർട്ട്മെന്റിന്റെ വകുപ്പ് തല പദ്ധതികളുടെ ഭാഗമായി ഭൂരഹിത പുനരധിവാസ പദ്ധതി, പഠനമുറി, വിവാഹ ധനസഹായം, ഏക വരുമാന ധനസഹായ പദ്ധതി, വിദേശ തൊഴിൽ ധനസഹായം എന്നിവ നൽകി.

### പട്ടികജാതി ഉപപദ്ധതി

**പട്ടികജാതി ഉപപദ്ധതിയുടെ ആകെ അടങ്കൽ തുക 1,91,66,000 രൂപ ഇതിൽ 50,46,000 രൂപ LIFE/PMAY പദ്ധതിക്ക് വകയിരുത്തുന്നു. പാർപ്പിടം കഴിഞ്ഞാൽ മുൻഗണന വിദ്യാഭ്യാസത്തിനാണ് പഠനമുറികൾക്കായി**

**66,20,000 ലക്ഷം രൂപ വകയിരുത്തുന്നു. പട്ടികജാതി യുവജന കലാകാരന്മാർക്ക് വാദ്യോപകരണങ്ങൾക്കായി 10 ലക്ഷം രൂപയും, സ്മാർട്ട് കിച്ചൻ 20,00,000 രൂപയും വകയിരുത്തുന്നു.**

**പ്രശ്ന വിശകലനം**

- പാരമ്പര്യ തൊഴിലുകളുടെ ശോചനീയാവസ്ഥ
- പട്ടികജാതി വിഭാഗത്തിലെ തൊഴിൽരഹിതരുടെ വർദ്ധനവ്
- കോളനികളിലെ ജനങ്ങളുടെ ലഹരി ഉപയോഗം വർദ്ധിച്ചതു വഴി സംഭവിക്കുന്ന സാമൂഹ്യവിപത്തുകൾ
- കോളനികളിലെ സ്മാർട്ട് സാംസ്കാരികനിലയങ്ങളുടെ അപര്യാപ്തത

**പ്രശ്ന പരിഹാര സാധ്യതകൾ**

- പാരമ്പര്യതൊഴിൽ ചെയ്യുന്നവരുടെ സോസൈറ്റി രൂപികരിച്ചു പരിശീലനം നൽകുക
- ബ്ലോക്ക് പഞ്ചായത്തിൻറെ പദ്ധതിയായ ഷീവർക്ക്സ്പേസിൽ പട്ടികജാതി വനിതകൾക്ക് മുൻഗണന നൽകുക
- കോളനികളിൽ വിമുക്തി–മുക്തി പരിപാടികൾ സംഘടിപ്പിക്കുക
- സാംസ്കാരിക നിലയങ്ങളെ സ്മാർട്ട് ആക്കി കംപ്യൂട്ടർ, പ്രിൻറർ, സ്കാന്നർ, നെറ്റ് സൗകര്യം എന്നിവ സ്ഥാപിക്കുക

പട്ടികജാതി വികസന ഓഫീസ് വഴി വാത്സല്യനിധി, ഏകവരുമാനദായകരുടെ മരണത്തിനുള്ള ധനസഹായം, ചികിത്സ ധനസഹായ പദ്ധതി, അംബേദ്ക്കർ ഗ്രാമവികസന പരിപാടി, പഠനമുറി, സ്വയംതൊഴിൽ പദ്ധതി, മെറിട്ടോറിയൽ സ്കോളർഷിപ്പ്, അയ്യങ്കാളി സ്കോളർഷിപ്പ് എന്നി പദ്ധതികൾ നടപ്പിലാക്കി വരുന്നു.

## 8. B. പട്ടികവർഗ്ഗ വികസനം

കൊടകര ബ്ലോക്കിനു കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിൽ 376 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. ഇവരുടെ ആകെ ജനസംഖ്യ 1206 ആണ്. ഇതിൽ 567 പുരുഷന്മാരും, 639 സ്ത്രീകളും ഉണ്ട്. ബ്ലോക്കിൻറെ മൊത്തം ജനസംഖ്യയുടെ ഒരു ശതമാനം പട്ടികവർഗ്ഗ വിഭാഗമാണ്. മലയർ, കാടർ, ഉള്ളാടൻ, എന്നി സമുദായക്കാരാണ് പ്രധാനമായും ഇവിടെ ഉള്ളത്. മുഖ്യ ഉപജീവനമാർഗ്ഗം വനവിഭവശേഖരവും കൂലിപണിയും ആണ്.

പ്രശ്ന വിശകലനം

- പട്ടികവർഗ്ഗ കോളനിയിലെ വന്യജീവി ആക്രമണം
- ഇൻറർനെറ്റ് സൗകര്യങ്ങളുടെ കുറവ്
- പട്ടികജാതി കോളനികളിലെ സ്ത്രീകളുടെ ഉന്നമനം
- ഉല്പന്നങ്ങളുടെ വിപണനസാധ്യതകളുടെ അഭാവം

പ്രശ്ന പരിഹാര സാധ്യതകൾ

- വിവിധപദ്ധതികളുടെ സംയോജനത്തിലൂടെ വനത്തിനുള്ളിൽ വന്യജീവികൾക്ക് ആവശ്യമായ വെള്ളം,ഭക്ഷണം എന്നിവ ലഭ്യമാക്കുക
- നെറ്റ് വർക്ക് സംവിധാനങ്ങൾ വനത്തിനുള്ളിലേക്ക് വ്യാപിക്കുക
- അവിവാഹിതരായ അമ്മമാർ, ശൈശവവിവാഹിതരായ യുവതികൾ എന്നിവരെ കണ്ടെത്തി തുടർ പഠനം നൽകി സമൂഹത്തിൻറെ മുഖ്യധാരയിലേക്കു കൊണ്ടുവരിക
- പരാമ്പരാഗത തൊഴിലുകളിലൂടെ ലഭിക്കുന്ന ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണിയിൽ എത്തിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക (വനവിഭവങ്ങളുടെ വിപണന കേന്ദ്രം)

പട്ടിവർഗ്ഗകോളനികളിൽ ഭവനനിർമ്മാണ പദ്ധതി, പ്രീമെട്രിക്, പോസ്റ്റ് മെട്രിക്, വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, ഊരുക്കൂട്ടങ്ങളിൽ പ്രത്യേക പരിശീന പരിപാടികൾ, വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം, മിശ്രവിവാഹത്തിന് ധനസഹായം തുടങ്ങിയ ഒട്ടേറെ പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ വികസനവകുപ്പ് നടത്തിവരുന്നു.

## പട്ടിക വർഗ്ഗ ഉപ പദ്ധതി

പട്ടികവർഗ്ഗ ഉപപദ്ധതിയുടെ അടങ്കൽ തുക 10,24,000/- രൂപയാണ് അതിൽ 3,84,000 രൂപ പാർപ്പിടമേഖലക്കും പഠനമുറിക്കായി 4 ലക്ഷം രൂപയും PM JANMAN പദ്ധതിക്കായി 2,40,000 രൂപയും വകയിരുത്തുന്നു. പട്ടിക വർഗ്ഗ

**കോളനികളിൽ സർക്കാർ കൈമാറിയ കൃഷിയിടങ്ങളിൽ ജൈവ കൃഷിക്കായി 50,000/- രൂപ വകയിരുത്തുന്നു.**

## 9. ആരോഗ്യം

**(ഹോമിയോപ്പതി, ആയുർവേദം ഉൾപ്പെടെ)**

സംസ്ഥാനത്ത് നടപ്പിലാക്കുന്ന സമഗ്ര ആരോഗ്യ സുരക്ഷപദ്ധതിക്ക് സമാനമായി ബ്ലോക്കിൻറെ കീഴിലുള്ള രണ്ട് ആശുപത്രികളെയും മികവിൻറെ കേന്ദ്രങ്ങളാക്കാനാണ് ലക്ഷ്യം വയ്ക്കുന്നത്. ഇതിൻറെ ആദ്യപടിയായി നമ്മുടെ രണ്ട് ആശുപത്രികളും ISO 9001-2015 നേടി കഴിഞ്ഞു. തുടർന്ന് കായകല്പം, NQAS, (National Quality Assurance Standards) LAKSHYA ഉൾപ്പെടെയുള്ള പുരസ്കാരങ്ങൾ നേടുന്നതു വഴി പൊതുജനങ്ങൾക്ക് മികച്ച സേവനം ഉറപ്പാക്കാൻ കഴിയും . സംസ്ഥാന സർക്കാരിൻറെ സഹായത്തോടെ പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ട്രോമോ കെയർ സംവിധാനം കൊണ്ടുവരികയും ഇതിനാവശ്യമായ ഡോക്ടർമാരെയും നഴ്സുമാരെയും ബ്ലോക്ക് ഗ്രാമ ഫണ്ടുകളും NHM ഫണ്ട് ഉൾപ്പെടെ ചേർത്തുകൊണ്ട് നിയമിക്കാനുള്ള നടപടി സ്വീകരിക്കും.

സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയുടെ രോഗതുരത പ്രതിരോധ പ്രവർത്തനങ്ങൾക്കും രോഗതുരത മോണിറ്റർ ചെയ്യുന്നതിനും ജനകീയ പങ്കാളിത്തം അനിവാര്യമാണ്. മറ്റത്തൂർ ആശുപത്രിയിലെ Public Health Wing ശക്തിപെടുത്തി വിവിധ കേന്ദ്ര സംസ്ഥാന, CSR ഫണ്ടുകൾ സംയോജിപ്പിച്ച് സമഗ്ര Master Plan നിനും അനുസൃതമായി പുതിയ ബഹുനില കെട്ടിടങ്ങൾ

നിർമ്മിക്കാനുള്ള നടപടി ഉണ്ടാകും. സെക്കണ്ടറി പാലിയേറ്റീവ്, ഡയാലിസിസ് വിംഗ് എന്നിവ ശക്തിപ്പെടുത്തി പരമാവധി രോഗികൾക്ക് സേവനം നൽകാൻ ശ്രമിക്കുന്നതാണ്.

ഹെൽത്ത് ഈസ് വെൽത്ത് എന്ന പഴമൊഴിയെ അന്വർത്ഥമാക്കുന്നതിനായി ആരോഗ്യ മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് കൊണ്ട് കൊടകര ബ്ലോക്ക് പഞ്ചായത്ത് ഒട്ടേറെ മാതൃക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. സാധാരണക്കാരുടെ ദൈനംദിന ആരോഗ്യപ്രശ്നങ്ങൾക്ക് ആശ്വാസമേകുന്ന പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഡയാലിസീസ് യൂണിറ്റ് പ്രവർത്തനമാരംഭിച്ചു. ഇ-ഹെൽത്തിന്റെ ഭാഗമായി ഒ പി ടിക്കറ്റ് വിതരണം, ലാബ് ഫാർമസി എന്നിവിടങ്ങളിൽ സാങ്കേതിക മാറ്റങ്ങൾ വരുത്തി ജനസേവനം മെച്ചപ്പെടുത്തി. ബ്ലോക്ക് പഞ്ചായത്തിൻറെ നിയന്ത്രണത്തിൽ വരുന്ന മറ്റത്തൂർ സി.എച്ച്.സി, പുതുക്കാട് താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ അധിക ഡോക്ടർമാരെ നിയോഗിച്ചുകൊണ്ട് 24 മണിക്കൂർ പ്രവർത്തിക്കുന്ന OP, IP നടപ്പാക്കി ജനങ്ങൾക്ക് കൂടുതൽ സമയം ആതുര സേവനം ഉറപ്പുവരുത്താനും ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞു.

പ്രശ്ന വിശകലനം

- വിദഗ്ധ ചികിത്സ കുറഞ്ഞ ചിലവിൽ നടപ്പിലാക്കുന്നതിലുള്ള സംവിധാനങ്ങളുടെ അപര്യാപ്തത.

പ്രശ്ന പരിഹാര സാധ്യതകൾ

- ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

മേൽ സൂചിപ്പിച്ച പ്രശ്നങ്ങളും പ്രശ്നവിശകലന സാധ്യതകളും പരിഗണിച്ച് കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്ന ലക്ഷ്യം വച്ച് നിരവധി പദ്ധതി പ്രവർത്തനങ്ങൾ കഴിഞ്ഞ കാലങ്ങളിലും വരും കാലങ്ങളിലും നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

## പാലിയേറ്റീവ് പ്രവർത്തനം(ഒപ്പമുണ്ട് കൊടകര ബ്ലോക്ക് പഞ്ചായത്ത് )

കാൻസർ, പക്ഷഘാതം, കടുത്ത പ്രമേഹം, ഉയർന്ന രക്തസമർദ്ദം, നട്ടെല്ലിൻറെ ക്ഷതം, നാഡിസംബന്ധമായ രോഗങ്ങൾ, മാനസികരോഗങ്ങൾ, വാർദ്ധക്യ ജന്യരോഗങ്ങൾ, ഹൃദയശ്വാസകോശ സംബന്ധമായരോഗങ്ങൾ, വൃക്ക സംബന്ധമായ രോഗങ്ങൾ തുടങ്ങി ദീർഘകാല പരിചരണവും ചികിത്സയും കൊണ്ട് ദുരിതം അനുഭവിക്കുന്ന രോഗികളെ കണ്ടെത്തി അവർക്ക് മെച്ചപ്പെട്ട പരിചരണവും ചികിത്സയും നൽകി ജീവിതഗുണനിവാരം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കേരളസർക്കാരിൻറെ പാലിയേറ്റിവ് പരിചരണനയത്തിൻറെ ചുവട് പിടിച്ച് 'ആരോഗ്യകേരളം' പദ്ധതി കൊടകര ബ്ലോക്ക് പഞ്ചായത്തിൽ 2012–ൽ ആരംഭം കുറിച്ചു. ബ്ലോക്ക് പഞ്ചായത്ത് ജനപ്രതിനിധികളുടെ നേതൃത്വത്തിൽ പ്രത്യേകം പരിശീലനം ലഭിച്ച ആരോഗ്യ പ്രവർത്തകരും സന്നദ്ധ പ്രവർത്തകരും ആഴ്ചയിൽ ഒരിക്കൽ രോഗികളുടെ വീടുകളിൽ പോവുകയും പ്രയാസങ്ങൾ നേരിട്ട് മനസ്സിലാക്കുകയും തുടർന്ന് കഴിയാവുന്ന

സഹായങ്ങൾ-മരുന്ന്, സാമ്പത്തികം എന്നിവ എത്തിച്ച് നൽകുകയാണ് ഇവിടെ ചെയ്യുന്നത്. ഫിസിയോതെറാപ്പി സേവനം മുറിവുകളുടെ സേവനം, കിടത്തി ചികിത്സ, മോർഫിൻ പോലുള്ള മരുന്നുകൾ നൽകുന്നതിനുള്ള ഒ.പി. എന്നി സംവിധാനം ഉൾപ്പെടുന്നതാണ് സെക്കൻററി പാലിയേറ്റീവ് കെയർ.

## 10. കുടിവെള്ള ശുചിത്വം

### നദി പുനരുജ്ജീവനവും നീർത്തട വികസനവും

പ്രളയം നദികളുടെയും നദിതടങ്ങളുടെയും ജല ആവാഹശേഷിയുടെയും പ്രാധാന്യത്തെ അടിവരയിട്ടു. ബ്ലോക്കിൻറെ പരിധിയിലൂടെ ഒഴുകുന്ന 29.3 km ഉള്ള കുറുമാലി, മണലി പുഴകളുടെയും 55.99 km കനാലുകളും ഉപയോഗിക്കാത്ത 1.6 km കനാലുകളും ജനകീയ പങ്കാളിത്തത്തോടെ ശുചീകരിക്കും. MGNREGS (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി) ഫണ്ട്, കേന്ദ്ര-സംസ്ഥാന ജൈവ വൈവിധ്യ ബോർഡുകളുടെ ഫണ്ട്, എന്നീ ഫണ്ടുകൾ സംയോജിപ്പിച്ച് ചെറുതും വലുതുമായ എല്ലാ നീർത്തടങ്ങളുടെ master plan തയ്യാറാക്കി ഹരിതകേരള മിഷൻറെ സഹായത്തോടെ നടപ്പിലാക്കും. ജലസംരക്ഷണം - മാലിന്യ സംസ്കരണം - പച്ചക്കറി കൃഷി സംയോജിത പരിപാടിയുടെ ഉത്തമ മാതൃകയായി ഈ നീർത്തട പരിപാടികളെ മാറ്റാനാകണം.

പ്രശ്ന വിശകലനം

- കുടിവെള്ള സംവിധാനങ്ങളുടെ അപര്യാപ്തത
- മാലിന്യ നിർമ്മാജനം ചെയ്യുക

- മാലിന്യശേഖരണം
- ആധുനിക രീതിയിലുള്ള ശ്മശാനങ്ങളുടെ അപര്യാപ്തത
- അറവുശാലകളുടെ ആധുനികവത്കരണം
- ഭവനങ്ങളുടെ വർദ്ധനവ്

**പ്രശ്ന പരിഹാരം**

- ദേശീയ പാതയുടെ ഇരുവശങ്ങളിലും കക്കൂസ് മാലിന്യം നിക്ഷേപിക്കുന്നത് തടയുക
- പരമ്പരാഗതമായ കുളങ്ങളും തോടുകളും പുനരുദ്ധരിക്കുകയും സംരക്ഷിക്കുകയും ചെയ്യുക
- കുടിവെള്ളം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ പൈപ്പ് കണക്ഷൻ വഴി (KWA) കുടിവെള്ളം എത്തിക്കുക
- മാലിന്യങ്ങൾ കൃത്യമായി നിർമ്മാർജ്ജനം ചെയ്യുക

കുടിവെള്ളം ശുചിത്വം എന്നിവ ഒരു നാണയത്തിൻറെ ഇരുവശങ്ങൾ പോലെയാണ്. ശരിയായ ശുചിത്വ സംവിധാനങ്ങൾ പരിപാലിക്കപ്പെടുന്ന സ്ഥലങ്ങളിൽ മാത്രമേ ശുദ്ധമായ കുടിവെള്ളം ലഭിക്കു. ഇന്ന് കുടിവെള്ള സ്രോതസ്സുകളെല്ലാം തന്നെ 'ഇക്കോളി' ബാക്ടീരിയ ഉള്ളതാണെന്ന് എല്ലാവർക്കും അറിയാവുന്ന ഒരു വസ്തുതയാണ്.

2025 നകം എല്ലാവർക്കും കുടിവെള്ളം എന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ഒരു പ്രധാനലക്ഷ്യമാണ്. നീർത്തടങ്ങൾ, പൊതു തോടുകൾ, പരമ്പരാഗത

ജലസ്രോതസ്സുകൾ എന്നിവ വൃത്തിയാക്കുകയും സംരക്ഷിക്കുകയും ചെയ്യുക. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പദ്ധതികളുടെ രൂപികരണം എന്നിവ ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ടവയാണ്. എല്ലാ വാർഡുകളിലും മിനി mcf പരമാവധി ഭവനങ്ങളിൽ സോക്ക്പീറ്റ്, കമ്പോസ്റ്റ്പീറ്റ് എന്നീ പ്രവർത്തനങ്ങൾ നടന്ന് വരുന്നു. വീട് വീടാന്തരമുള്ള പ്ലാസ്റ്റിക് വേസ്റ്റുകൾ ശേഖരിക്കുന്നതിന് ഹരിതകർമ്മസേനയുടെ പ്രവർത്തനം എല്ലാ പഞ്ചായത്തിലും വളരെ സജീവമായി നടക്കുന്നു. ഈ പ്രവർത്തനങ്ങളെല്ലാം തന്നെ കൂടുതൽ വിപുലികരിക്കേണ്ടതുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 7 ഗ്രാമപഞ്ചയത്തിലേയും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണം നടത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ ഒരു RRF പ്രവർത്തിച്ച വരുന്നു. ടൺ കണക്കിന് മാലിന്യമാണ് ഇവിടെ ശേഖരിക്കപ്പെടുന്നത്. നിലവിൽ കൊടകര മാർക്കറ്റിന് സമീപം പ്രവർത്തിച്ച വരുന്ന RRF നെ കരാർ വ്യവസ്ഥയിൽ 'plan @ earth' എന്ന ഒരു NGO യെ ഏൽപിച്ചിട്ടുണ്ട്. വേസ്റ്റ് മാനേജ്മെന്റ് കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് എല്ലാ ഗ്രമാപഞ്ചായത്തുകളെയും ഉൾപെടുത്തി ഒരു സമഗ്രമായ ചർച്ച നടത്തേണ്ടതുണ്ട് .

**കുടിവെള്ളം, ശുചിത്വം മേഖലക്കായി 2024-25 സാമ്പത്തിക വർഷത്തിലേക്ക് 1,38,04,000 രൂപ നീക്കി വെച്ചിട്ടുണ്ട്.** ബ്ലോക്കിൻറെ പരിധിയിലുള്ള എല്ലാ വില്ലേജുകളെയും ODF Plus (Open Defication Free)

പ്രഖ്യാപനത്തിലൂടെ **ബ്ലോക്കിനെ** ODF Plus **പദവിയിലേക്ക്** ഉയർത്താൻ കഴിഞ്ഞു.

## 11. വിദ്യാഭ്യാസം, കല, സംസ്കാരം

### വിദ്യാഭ്യാസ മികവിലേക്ക്

ബ്ലോക്ക് പരിധിയിലുള്ള 214 അങ്കണവാടികളിൽ 6 അങ്കണവാടികൾ ഹൈടെക് ആക്കിയിട്ടുണ്ട്. ബാക്കിയുള്ള അങ്കണവാടികൾ ഹൈടെക് ആകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സ്ഥലം ഉള്ള അങ്കണവാടികൾക്ക് MGNREGS (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി), വനിതാശിശുക്ഷേമ വകുപ്പ്, ത്രിതല പഞ്ചായത്തുകൾ എന്നിവയുടെ ഫണ്ട് ഉപയോഗിച്ച് **സ്മാർട്ട് അങ്കണവാടി നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തി** . തുടർ വിദ്യാഭ്യാസ പരിപാടിയിലൂടെ 10, +2 എന്നീ **ക്ലാസ്സുകളിൽ** പ്രവേശനം നൽകി അവരെ **മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് 75,000/-രൂപ വകയിരുത്തുന്നു.**

അനുബന്ധ വിദ്യാഭ്യാസ പരിപാടിക്ക് കൂടുതൽ പ്രാധാന്യം ഈ വർഷത്തെ ബജറ്റിൽ നൽകുന്നുണ്ട്. ഫെല്ലോഷിപ്പ് കലാകാരന്മാരെ ബന്ധപ്പെടുത്തികൊണ്ട് എല്ലാ പഞ്ചായത്തുകളിലും തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ അവധിദിനങ്ങളിൽ , Painting, കൂടിയാട്ടം, Music, മോഹിനിയാട്ടം ഉൾപ്പെടെയുള്ള കലകൾ പ്രായഭേദമന്യേ അഭ്യസിപ്പിക്കുന്നതാണ്. **ഇതിനായി**

**3,60,000 രൂപ വകയിരുത്തുന്നു.** 2023-24 സർഗ്ഗ സന്ധ്യ എന്ന പേരിൽ കൈരളി വജ്ര ജൂബിലീ കലാകാരന്മാരുടെ ശിക്ഷണത്തിൽ വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള കലാകാരന്മാരുടെ അരങ്ങേറ്റം നടത്തി. 2024-25 കൂടുതൽ കാര്യക്ഷമമായി ഈ പരിപാടി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കും .

**നേരിടുന്ന പ്രശ്നങ്ങൾ**

- തനതുകലകൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഉള്ള സംവിധാനത്തിൻറെ അപര്യാപ്തത
- കായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത
- ടീനേജുകാരുടെ മാനസിക പ്രശ്നങ്ങൾ
- യുവജനങ്ങൾക്ക് അനുയോജ്യമായ വിദ്യാഭ്യാസ തൊഴിൽമേഖല കണ്ടെത്താനുള്ള ബുദ്ധിമുട്ട്
- കലാകാരന്മാരെ പ്രോത്സാഹിപ്പിക്കൽ
- മദ്യം, മയക്കുമരുന്ന് എന്നിവയിലേക്കുള്ള ആകർഷണം

**പ്രശ്ന പരിഹാരം**

- വജ്രജൂബിലി കലാകാരന്മാരുടെ സേവനം ഉൾപ്പെടുത്തി പരിഹരിക്കുക
- കേരളോത്സവം പോലുള്ള പരിപാടികൾ ആവിഷക്കരിച്ച നടപ്പിലാക്കുക

- അങ്കണവാടികളോട് അനുബന്ധിച്ച് ടീനേജ് ക്ലാസ്സുകൾ ആരംഭിക്കുക
- കരിയർ ഗൈഡൻസ് ക്ലാസ്സുകൾ ആരംഭിക്കുക.
- കൊടകര ഫെസ്റ്റ് എന്ന പേരിൽ സംസ്കാരിക ഉത്സവം തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുക

<u>കേരളോത്സവം</u>

കേരള സംസ്ഥാനത്തെ യുവജനങ്ങളുടെ കലാകായിക സാഹിത്യ രംഗങ്ങളിലെ നൈപുണ്യം പരിപോഷിപ്പിക്കുന്നതിനായി കേരള സംസ്ഥാന യുവജനബോർഡ് തദ്ദേശസ്വയംഭരണ സ്ഥാപന സഹായത്തോടെ സംഘടിപ്പിച്ചു വരുന്ന ബൃഹത് പദ്ധതിയാണ് കേരളോത്സവം. **കേരളോത്സവതിനായി 1,50,000 രൂപ വകയിരുത്തുന്നു. യുവജന ക്ഷേമ ബോർഡിൽ നിന്ന് 1,00,000 രൂപ വകയിരുത്തുന്നു. പുതിയ കായിക താരങ്ങളെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ബ്ലോക്ക് പഞ്ചായത്ത് കുട്ടികൾക്ക് ഫുട്ബോൾ തുടർ പരിശീലനം നടത്തുന്നതിന് വേണ്ടി ഈ ബജറ്റിൽ 6 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.**

## 12. പൊതുമരാമത്ത്

വിവിധ പഞ്ചവത്സര പദ്ധതികളിലായി റോഡ്, കെട്ടിടങ്ങൾ, പാലം എന്നിവയുടെ നിർമ്മാണത്തിനും അറ്റകുറ്റപണികൾക്കുമായി പ്ലാൻ ഫണ്ട്, മെയിന്റെനൻസ് ഗ്രാൻറ് എന്നിവ ഉപയോഗിച്ച് നിരവധി പ്രവർത്തനങ്ങൾ നടത്തിയെങ്കിലും സമ്പൂർണ്ണ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

ജനസംഖ്യയും ഭവനങ്ങളും വർദ്ധിച്ചുവരുന്നതിനനുസരിച്ച്, റോഡുകളും, മേൽപാലങ്ങളുടെയും നടപാതകളുടെയും ആവശ്യം വർദ്ധിച്ചുവരുന്നു. ആയതിനാൽ കൂടുതൽ തുക ഈ മേഖലയിൽ ചെലവഴിക്കേണ്ടിവരുന്നു.

പ്രശ്ന വിശകലനം

- സഞ്ചാരയോഗ്യമല്ലാത്ത റോഡുകൾ
- ഊർജ്ജസംരക്ഷണം
- കാർബൺനിർഗമനം കുറയ്ക്കൽ
- അടിസ്ഥാന സൗകര്യവികസനം

പ്രശ്നപരിഹാര സാധ്യതകൾ

- ആധുനിക രീതിയിലുള്ള റോഡുകൾ പണിയുക
- എൽ.ഇ.ഡി പോലുള്ള ഊർജ്ജസംരക്ഷണം ഉപകരണങ്ങളുടേയും സോളാർ എനർജിയുടെയും ഉപയോഗം വർദ്ധിപ്പിക്കുക
- ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം കൂട്ടുക
- പൊതുനിരത്തുകളിൽ സ്ട്രീറ്റ് ലൈറ്റുകളിൽ സോളാർ എനർജി ഉപയോഗപ്പെടുത്തുക

നടപ്പ് സാമ്പത്തിക വർഷത്തെ പൊതുമരാമത്ത് വർക്കുകളിൽ ടാറിംഗ്, കാനനിർമ്മാണം, തോട് കെട്ടി സംരക്ഷണം, പാലങ്ങൾ, തടയണ, ടോയ്ലറ്റ് കോംപ്ലക്സ്, കുളം നവീകരണം, ഷീ വർക്ക് സ്പേസ്, ലിഫ്റ്റ് ഇറിഗേഷൻ, റോഡ്

കോൺക്രീറ്റിംഗ് എന്നിങ്ങനെ വൈവിധ്യങ്ങളായ എന്നാൽ ജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദമായ ജോലികളാണ് ചെയ്ത് വരുന്നത്. **ആയതിലേക്കായി ഈ സാമ്പത്തിക വർഷത്തിൽ 2,72,90,000 രൂപ വിലയിരുത്തുന്നു.**

## 13.ജൈവവൈവിധ്യമാനേജ്മെൻറ്, കാലാവസ്ഥാവ്യതിയാനം, പരിസ്ഥിതി സംരക്ഷണം

**പ്രശ്ന വിശകലനം**

- മുന്നൊരുക്ക പ്രവർത്തനങ്ങളുടെ അഭാവം
- റിലീഫ് ക്യാമ്പുകളുടെ സജ്ജീകരണത്തിലെ കുറവ്
- ലോക്കൽ റിസോഴ്സ് ഗ്രൂപ്പുകളുടെ അഭാവം
- മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയൽ
- പ്രകൃതിദത്ത ജലസ്രോതസ്സുകളുടെ സംരക്ഷണക്കുറവ്
- പ്രകൃതിയിൽ മനുഷ്യൻറെ അനധികൃത ഇടപെടലുകൾ

**പ്രശ്നപരിഹാര സാധ്യതകൾ**

- Carbon Neutral Block ആക്കുന്നതോടുകൂടി മേൽപറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതാണ്. **ഈ മേഖലക്കായി 1,05,000 രൂപ വകയിരുത്തിയിട്ടുണ്ട്.**

മനുഷ്യൻ പ്രകൃതിയോട് എത്ര ഇണങ്ങി ജീവിക്കുന്നുവോ അത്രത്തോളം അവന്റെ ജീവിതം സുരക്ഷിതമാകും. എന്നാൽ പ്രകൃതിയെ പരമാവധി ചൂഷണം ചെയ്യുന്ന അവസ്ഥയാണ് കണ്ടുവരുന്നത്. വെള്ളപ്പൊക്കം, വരൾച്ച, ഭൂകമ്പം എന്നിവ പ്രവചനാതീതമാണ്. എന്നാൽ ശരിയായ മുന്നൊരുക്കവും പ്രകൃതി സംരക്ഷണവുമുണ്ടെങ്കിൽ അതിനെയൊക്കെ നേരിടാം.

ജൈവ വൈവിധ്യങ്ങളുടെ ഒരു സമ്മേളനമാണ് കൊടകര ബ്ലോക്ക് പഞ്ചായത്ത്. തൊഴിലുറപ്പ വഴി നെല്ലി, പേര, പുളി, തേക്ക്, വീട്ടി, മാതളം തുടങ്ങിയ ഫലവൃക്ഷത്തൈകളെ പരിപാലിച്ച് വരുന്നു. കൂടാതെ തോടുകളുടെയും, ജലാശയങ്ങളുടെയും സംരക്ഷണം സമയോചിതമായി നടത്തി വരുന്നു. വരും കാലങ്ങളിലും അത്തരം പ്രവർത്തനങ്ങൾ തുടരും. പ്ലാസ്റ്റിക് മാലിന്യ ശേഖരണത്തിന് ഹരിതകർമ്മ സേനയുടെ പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്. അതുവഴി മാലിന്യം വലിച്ചെറിയുന്നതിന് ഒരു പരിധി വരെ കുറവുണ്ടാകും. പ്രകൃതി നമുക്ക് വേണ്ടി മാത്രമുള്ളതല്ല. വരും തലമുറക്ക് വേണ്ടി അതിനെ സംരക്ഷിക്കേണ്ടതിന്റെ ബാധ്യത എല്ലാവർക്കും ഉണ്ട്. അതറിഞ്ഞ് ഓരോരുത്തരും പ്രവർത്തിച്ചാൽ മാത്രമേ മനുഷ്യരാശിക്ക് ഇനിയൊരു നിലനില്പുള്ളൂ.

## മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്. (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി)

MGNREGS (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി) പദ്ധതിയിലൂടെ 17,000 സജീവ തൊഴിലാളികളിലൂടെ 5,00,000 തൊഴിൽ

**ദിനങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നു. ഇതിലൂടെ 3000 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്യാൻ കഴിയുന്നതാണ്. 2024–25 സാമ്പത്തിക വർഷം 26 കോടി രൂപ വകയിരുത്തുന്നു.** എല്ലാം നീർത്തടങ്ങൾക്കും DPR തയ്യാറാക്കുന്നതാണ്.

ഈ ബജറ്റിലൂടെ മുന്നോട്ട് വയ്ക്കുന്ന കാർബൺ ന്യൂട്രൽ ബ്ലോക്ക് ഉൾപ്പെടെ നാടിൻറെ വികസനവും അതോടൊപ്പം പ്രകൃതിയെയും മണ്ണ്, ജലം ഇവിടെ സംരക്ഷിച്ചുകൊണ്ട് **"പെൺതൊഴിലിടം"** വിഭാവനം ചെയ്ത് നാടിന് അഭിമാനമായ കൊടകര ബ്ലോക്ക്പഞ്ചായത്തിന്റെ ഈ ബജറ്റ് സംസ്ഥാന സർക്കാരിന്റെ നവകേരള സൃഷ്ടികളെ ബജറ്റിനോട് ചേർത്താണ് തയ്യാറാക്കിയത്.

പതിനേഴ് സുവർണ്ണ ലക്ഷ്യങ്ങളിൽ അധിഷ്ഠിതമായ സുസ്ഥിര വികസനം അതിദരിദ്ര ലഘൂകരണം, സംരംഷകത്വ വികസനം, മാലിന്യ സംസ്കരണം, ഭിന്നശേഷി വയോജന സൗഹാർദ്ദം, ശിശുക്ഷേമ, വനിതാ സൗഹാർദ്ദം, പൊതുകളിയിടങ്ങൾ, സ്മാർട്ട് കിച്ചൺ, ഇ–ഓഫീസ്, ഹാപ്പിനസ്സ് പാർക്ക്, നീർത്തടാധിഷ്ഠിത വികസന പ്രവർത്തനങ്ങൾ ദുരന്തനിവാരണം എന്നിവ പരിഗണിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പരിപ്രേക്ഷ്യം ഈ ബജറ്റിൽ ഊന്നൽ നൽകുന്നു. കേരള വികസന മാതൃകയുടെ പുതിയ പതിപ്പിന് നവോത്ഥാനത്തിൻറെ മൂല്യങ്ങളെ ചേർത്തു പിടിക്കണം, മുന്നോട്ട് കൊണ്ടുപോകണം. അല്ലാതെ പുരോഗതിയില്ല.

**പ്രതീക്ഷിത വരവ് 40,49,58,123 രൂപയും പ്രതീക്ഷിത ചിലവ് 39,60,66,180 രൂപയും 88,91,943 രൂപ മിച്ചവും പ്രതീക്ഷിക്കുന്ന 2024-25 ലെ ബജറ്റ് ഞാൻ ഈ ഭരണസമിതിക്ക് മുമ്പാകെ സമർപ്പിക്കുന്നു.**

" എത്ര സുന്ദരം എത്ര സുന്ദരം
എന്റെ മലയാളം
മുത്ത് പവിഴങ്ങൾ കൊരുത്തൊരു
പൊന്നു നൂൽ പോലെ
മണ്ണിൽ വീണു കുരുത്തു നെന്മണി
വിത്തു മുളപൊട്ടി
മിന്നുമീരില വീശിടുമ്പോൾ
എത്രയീരടികൾ
മണ്ണിൽ വേർപ്പു വിതച്ചവർ  തൻ
ഈണമായി വന്നു
അന്നു പാടിയ പാട്ടിലൂഞ്ഞാലാടി മലയാളം
കൊഞ്ചലും കുറുമൊഴികളും പോയ്
കഥകൾ പലതോതി
നെഞ്ചണച്ചൊരു ഗുരു വളർത്തിയ
കിളി മകൾ പാടി
ദേവ ദൈത്യ മനുഷ്യ വർഗ്ഗ
മഹാ ചരിത്രങ്ങൾ
തേൻ കിനിയും വാക്കിലോതി
വളർന്നു മലയാളം"

*(എത്ര സുന്ദരം സ്വർണമാലിക പോൽ )*

## Kodakara Block Panchayath Budget for the Financial Year 2024-2025

### BS-12- CAPITAL EXPENDITURE - OTHER THAN LOAN REPAYMENTS - ( മൂലധന ചെലവുകള് ക്ക് വേണ്ടിയുള്ള വകയിരുത്തലുകള് )

| DETAILED HEAD CODE | PARTICULARS (ഇനവിവരം) | Actuals for the year 2022-2023(യഥാര് ത്ഥ കണക്ക് 2022-2023) | Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024) | Budget for the Year2024-2025 (ബജറ്റ്-2024-2025) |
|---|---|---|---|---|
| 4102001 | Buildings(പൊതു കെട്ടിടങ്ങള് ) | 2,95,00,000 | 10,25,67,352 | 25,45,51,000 |
| 4103001 | Roads( റോഡുകള് ) | 0 | 0 | 68,40,000 |
| 4106001 | Electricity(വൈദ്യുതി) | 1,98,82,500 | 4,75,458 | 47,01,648 |
| 4107001 | Waste Treatment(മാലിന്യ സംസ്കരണം) | 15,51,855 | 0 | 20,000 |
| 4107101 | Movable Assets(ജംഗമ സ്വത്തുകള് ) | 15,35,100 | 6,00,165 | 15,00,000 |
| 4108001 | Other Fixed Assets( മറ്റ് സ്ഥിര ആസ്തികള് ) | 0 | 4,00,000 | 0 |
| 410 | TOTAL CAPITAL EXPENDITURE-ആകെ മൂലധന ചെലവുകള് | 5,24,69,455 | 10,40,42,975 | 26,76,12,648 |

| Kodakara Block Panchayath Budget for the Financial Year 2024-2025 | | | | |
|---|---|---|---|---|
| BS-10- Revenue Expenditure-B FUND & STATE SPONSORED SCHEMES -(നോണ് -പ്ലാന് റവന്യൂ ചെലവുകള് ക്ക് വേണ്ടിയുള്ള വകയിരുത്തലുകള് ) | | | | |
| DETAILED HEAD CODE | PARTICULARS (ഇനവിവരം) | Actuals for the year 2022-2023(യഥാര് ത്ഥ കണക്ക് 2022-2023) | Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024) | Budget for the Year2024-2025 (ബജറ്റ്-2024-2025) |
| 2542001 | State Sponsored Schemes (not included under Decentralised Plan Programme)-സംസ്ഥാന ആവിഷ്കൃത പദ്ധതികള് ക്കുള്ള നോണ് പ്ലാന് ചെലവുകള് | 2,10,000 | 2,10,000 | 2,10,000 |
| 254 | Total-Expenditures of Transferred Institutions (not included under Decentralised Plan Programme) | 2,10,000 | 2,10,000 | 2,10,000 |

| BS-9 PARTICULARS | | Actuals for the year 2022-2023(യഥാര് ത്ഥ കണക്ക് 2022-2023) | Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024) | Budget for the Year2024-2025 (ബജറ്റ്-2024-2025) |
|---|---|---|---|---|
| **253 - Projects not included in Sector Division** | | | | |
| 2531005 | Solid Waste Management Programs under Total Sanitation Campaign-സമ്പൂര് ണ ശുചിത്വ പരിപാടിയുടെ ഭാഗമായുള്ള ഖരമാലിന്യ പരിപാടി | 0 | 15,51,855 | 0 |
| 2531012 | Payments to IKM-ഐ.കെ.എം-നുള്ള പണം നല് കല് | 0 | 86,519 | 0 |
| 253 | Total-Projects not included in Sector Division | 0 | 16,38,374 | 0 |
| BS-9 PARTICULARS | | Actuals for the year 2022-2023(യഥാര് ത്ഥ കണക്ക് 2022-2023) | Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024) | Budget for the Year2024-2025 (ബജറ്റ്-2024-2025) |
| **255 - Maintenance Projects** | | | | |
| 2551001 | Maintenance Projects - Road Assets-റോഡ് ആസ്തികള് ക്കുള്ള മെയിന്റനന് സ് പ്രോജക്ടുകള് | 0 | 20,00,000 | 0 |
| 2552006 | Maintenance Projects - Non Road Assets- Transferred Institutions - Allopathy (Hospitals/Dispensaries) റോഡ് ഇതര ആസ്തികള് ക്കുള്ള മെയിന്റനന് സ് പ്രോജക്ടുകള് -ആശുപത്രി/ഡിസ്പന്സറി -അലോപ്പതി | 0 | 10,74,141 | 0 |
| 255 | Total-Maintenance Projects-മെയിന് റനന് സ് പ്രോജക്ടുകള് -ആകെ | 0 | 30,74,141 | 0 |
| BS-9 PARTICULARS | | Actuals for the year 2022-2023(യഥാര് ത്ഥ കണക്ക് 2022-2023) | Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024) | Budget for the Year2024-2025 (ബജറ്റ്-2024-2025) |

| | | | | |
|---|---|---|---|---|
| 2513012 | Other Social Security Programs-മറ്റ് സാമൂഹ്യ സുരക്ഷിതത്വ പരിപാടികള് | 4,22,470 | 1,60,000 | 13,00,000 |
| 2514101 | Anganwadi Nutrition-അംഗന് വാടി പോഷകാഹാര പരി പാടി | 0 | 5,00,000 | 4,00,000 |
| 2514201 | Anganwadi Infrastructure-അംഗന് വാടി പശ്ചാത്തല സൌകര്യങ്ങള് | 0 | 15,00,010 | 5,00,000 |
| 2516005 | General Economic Services- Plan Formulation, Monitoring and Evaluation-പദ്ധതി രൂപീകരണം ,മോണിറ്ററിംഗ് | 3,26,689 | 2,46,233 | 2,57,000 |
| 2516006 | General Economic Services- Good Governance -സല് ഭരണം | 7,24,566 | 10,08,172 | 40,51,212 |
| 2516101 | Vocational Capacity Building - Vocational Training-തൊഴില് നൈപുണ്യ വികസനം -തൊഴില് പരിശീലനം | 50,000.00 | 1,20,000.00 | 1,00,000.00 |
| 2516201 | Energy Conservation-ഊര് ജ സംരക്ഷണം | 0.00 | 0.00 | 25,00,000.00 |
| 2516301 | Electricity Line Extension-വൈദ്യുത ലൈന് നീട്ടല് | 0 | 1,30,000 | 0 |
| 2516502 | Transferred Institution Service Delivery Improvement- ഘടക സ്ഥാപനങ്ങളില് നിന്നുള്ള സേവന സൌകര്യങ്ങള് വര് ധിപ്പിക്കല് | 6,59,311 | 3,00,000 | 0 |
| **251** | **Total-Decentralised Plan Programme - Service Sector** | **3,71,55,438** | **8,78,80,322** | **8,35,39,752** |
| **BS-9 PARTICULARS** | | **Actuals for the year 2022-2023(യഥാര് ത്ഥ കണക്ക് 2022-2023)** | **Budget for the year (including all revisions) 2023-2024 (പരിഷ്ക്കരിച്ച ബജറ്റ് 2023-2024)** | **Budget for the Year2024-2025 (ബജറ്റ്-2024-2025)** |

## 252 - Decentralised Plan Programme - Infrastructure Sector

| | BS-9 PARTICULARS | Actuals for the year 2022-2023(യഥാര് ഥ കണക്ക് 2022-2023) | Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024) | Budget for the Year2024-2025 (ബജറ്റ്-2024-2025) |
|---|---|---|---|---|
| **251 - Decentralised Plan Programme - Service Sector-സേവന മേഖല** | | | | |
| 2510115 | Literacy Equivalance Examination-സാക്ഷരത -തുല്യതാ പരീക്ഷ | 0.00 | 1,75,000.00 | 75,000.00 |
| 2511003 | High School Education-ഹൈസ്കൂള് വിദ്യാഭ്യാസം | 20,000 | 0 | 0 |
| 2511006 | SSA & Other Educational Programs-സര് വ ശിക്ഷ അഭിയാനും മറ്റ് വിദ്യാഭ്യാസ പരിപാടികളും | 0 | 2,00,000 | 0 |
| 2511007 | Sports-സ്പോട്സ് | 6,47,041 | 5,00,000 | 0 |
| 2511008 | Youth Welfare-യുവജനക്ഷേമം | 1,50,000 | 2,50,000 | 9,00,000 |
| 2511009 | Reading Rooms and Libraries-വായന ശാലകളും റീഡിംഗ് റൂമുകളും | 0 | 0 | 1,50,000 |
| 2511010 | Arts and Culture-കല-സംസ്കാരം | 3,90,000 | 3,07,500 | 9,60,000 |
| 2511013 | Education-Related Activities-വിദ്യാഭ്യാസ -അനുബന്ധ പ്രവര് ത്തനങ്ങള് | 0 | 0 | 2,00,000 |
| 2512002 | Public Health Programs -പൊതു ആരോഗ്യ പരിപാടികള് | 9,57,323 | 26,56,335 | 88,65,140 |
| 2512003 | Health related Special Programs -പ്രത്യേക ആരോഗ്യ പരിപാടി | 25,05,744 | 13,00,000 | 10,00,000 |

| Kodakara Block Panchayath Budget for the Financial Year 2024-2025 | | | | |
|---|---|---|---|---|
| BS-9-Revenue Expenditure-PLAN - (പ്ലാന് റവന്യൂ ചെലവുകള് ക്ക വേണ്ടിയുള്ള വകയിരുത്തലുകള് ) | | | | |
| DETAILED HEAD CODE | PARTICULARS (ഇനവിവരം) | Actuals for the year 2022-2023(യഥാര് ത്ഥ കണക്ക് 2022-2023) | Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024) | Budget for the Year2024-2025 (ബജറ്റ്-2024-2025) |
| **250 - Decentralised Plan Programme - Productive Sector** | | | | |
| 2501001 | Agriculture and Related Sectors - Paddy-കൃഷിയും അനുബന്ധ മേഖലകളും -നെല് കൃഷി | 42,00,000 | 80,58,008 | 45,00,000 |
| 2501003 | Agricultural Development Programs-മറ്റ് കാര് ഷിക വികസന പരിപാടികള് | 0 | 40,000 | 1,50,000 |
| 2501004 | Agriculture and Related Sectors - Animal husbandry -കൃഷിയും അനുബന്ധ മേഖലകളും-മൃഗ സംരക്ഷണം | 0 | 1,00,000 | 0 |
| 2501005 | Agriculture and Related Sectors - Dairy development-കൃഷിയും അനുബന്ധ മേഖലകളും-ക്ഷീര വികസനം | 18,15,000 | 24,97,400 | 28,00,000 |
| 2501006 | Agriculture and Related Sectors - Fisheries-കൃഷിയും അനുബന്ധ മേഖലകളും-മത്സ്യ ബന്ധനം | 2,88,120.00 | 0.00 | 0.00 |
| 2501011 | Agriculture and Related Sectors - Vegetables-കൃഷിയും അനുബന്ധ മേഖലകളും-പച്ചക്കറി | 0 | 0 | 3,00,000 |
| 2501012 | Agriculture and Related Sectors - Plantain-കൃഷിയും അനുബന്ധ മേഖലകളും-വാഴ | 4,00,000 | 0 | 0 |
| 2501014 | Agriculture and Related Sectors -Horticulture-കൃഷിയും അനുബന്ധ മേഖലകളും- | 3,50,000 | 0 | 62,500 |

| | | | | |
|---|---|---|---|---|
| 2208001 | Miscellaneous Administrative Expenses-മറ്റ് ഭരണ ചെലവുകള് | 5,13,740 | 4,43,556 | 5,25,000 |
| **220** | **Total-Administrative Expenses-ഭരണ ചെലവുകള് -ആകെ** | **60,13,696** | **40,17,305** | **48,40,000** |
| **BS-8 PARTICULARS** | | **Actuals for the year 2022-2023(യഥാര് ത്ഥ കണക്ക് 2022-2023)** | **Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)** | **Budget for the Year2024-2025 (ബജറ്റ്-2024-2025)** |
| **230 - Operations & Maintenance-സംരക്ഷണവും നടത്തിപ്പും** | | | | |
| 2301002 | Diesel, Petrol, Gas & Lubricants- ഡീസല് പെട്രോള് , ഓയില് , ലൂബ്രിക്കന് റ് | 3,95,525 | 4,00,000 | 4,50,000 |
| 2304001 | Hire Charges-വാടക | 53,552 | 2,15,000 | 2,40,000 |
| 2305009 | Repairs & Maintenance - Movable Assets-സംരക്ഷണവും അറ്റകുറ്റപ്പണികളും-ജംഗമ ആസ്തികള് | 3,29,084 | 1,78,000 | 2,15,000 |
| 2305099 | Repairs & Maintenance -Other Fixed Assets-സംരക്ഷണവും അറ്റകുറ്റപ്പണികളും-മറ്റ് സ്ഥിര ആസ്തികള് | 2,24,732 | 1,20,000 | 1,50,000 |
| 2308001 | Other Operating and maintenance expenses-മറ്റ് നടത്തിപ്പ്/ മെയിന്റനന് സ് ചെലവുകള് | 6,23,205 | 6,87,600 | 8,40,000 |
| 230 | **Total-Operations & Maintenance-നടത്തിപ്പ്/സംരക്ഷണ ചെലവുകള് -ആകെ** | **16,26,098** | **16,00,600** | **18,95,000** |
| **BS-8 PARTICULARS** | | **Actuals for the year 2022-2023(യഥാര് ത്ഥ കണക്ക് 2022-2023)** | **Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)** | **Budget for the Year2024-2025 (ബജറ്റ്-2024-2025)** |
| **240 - Interest & Finance Charges-പലിശയും അനുബന്ധ ചെലവുകളും** | | | | |

| Kodakara Block Panchayath Budget for the Financial Year 2024-2025 | | | | |
|---|---|---|---|---|
| BS-8-Revenue Expenditure-Mandatory functions- (അനിവാര്യ ചുമതലകള്‍ക്കു വേണ്ടിയുള്ള വകയിരുത്തലുകള്‍ ) | | | | |
| DETAILED HEAD CODE | PARTICULARS (ഇനവിവരം) | Actuals for the year 2022-2023(യഥാര്‍ത്ഥ കണക്ക് 2022-2023) | Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024) | Budget for the Year2024-2025 (ബജറ്റ്-2024-2025) |
| **210 - Establishment Expenses-** | | | | |
| 2101002 | Wages-കൂലി | 15,05,616 | 30,14,590 | 35,09,380 |
| 2102001 | Travelling Allowances-യാത്രാ ബത്ത | 46,514 | 30,000 | 35,000 |
| 2102002 | Other Benefits and Allowances-മറ്റ് ബത്തകള്‍ | 15,57,262 | 24,00,000 | 26,50,000 |
| 2102003 | Monthly Honorarium of Elected Representatives-ജനപ്രതിനിധികള്‍ക്കുള്ള ഓണറെറിയം | 17,25,329 | 17,50,000 | 19,00,000 |
| 2102004 | Sitting Fee of Elected Representatives-ജന പ്രതിനിധികള്‍ക്കുള്ള സിറ്റിംഗ് ഫീ | 1,33,300 | 1,10,000 | 1,25,000 |
| 2102005 | Travelling Allowance of Elected Representatives-ജനപ്രതിനിധികള്‍ക്കുള്ള യാത്ര ബത്ത | 5,480 | 15,000 | 17,000 |
| 210 | Total-Establishment Expenses-ജീവനക്കാര്യത്തിലേക്കുള്ളചെലവുകള്‍ -ആകെ | 49,73,501 | 73,19,590 | 82,36,380 |
| BS-8 PARTICULARS | | Actuals for the year 2022-2023(യഥാര്‍ത്ഥ കണക്ക് 2022-2023) | Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024) | Budget for the Year2024-2025 (ബജറ്റ്-2024-2025) |

| Kodakara Block Panchayath Budget for the Financial Year 2024-2025 | | | | |
|---|---|---|---|---|
| BS-7- CAPITAL INCOME- OTHER THAN LOANS -( മൂലധന ചെലവുകള് ക്ക് വേണ്ടിയുള്ള മറ്റ വരവുകള് ) | | | | |
| DETAILED HEAD CODE | PARTICULARS (ഇനവിവരം) | Actuals for the year 2022-2023(യഥാര് ത്ഥ കണക്ക് 2022-2023) | Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024) | Budget for the Year2024-2025 (ബജറ്റ്-2024-2025) |
| 3111001 | Special Funds-പ്രത്യേക ഫണ്ട് | 0.00 | 3,00,00,000.00 | 0.00 |
| 3201002 | Grants, Funds & Contributions for Specific Purposes - Other Central Government Grants - കേന്ദ്ര സര് ക്കാരില് നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും--പ്രത്യേക പദ്ധതികള് ക്കുള്ളത് | 0.00 | 7,76,024.00 | 0.00 |
| 3202001 | Development Fund - General - Capital -വികസന ഫണ്ട് - പൊതുവിഭാഗം - മൂലധനച്ചെലവുകള് ക്കായുള്ള വരവുകള് | 51,60,000 | 1,32,50,000 | 51,60,000 |
| 3202001 | Development Fund - CFC - Capital -വികസന ഫണ്ട് - കേന്ദ്രധനകാര്യ കമ്മീഷന് ഗ്രാന് റ്- മൂലധനച്ചെലവുകള് ക്കായുള്ള വരവുകള് | 56,33,000 | 0 | 56,33,000 |
| 3202001 | Development Fund - Special Grant - Capital -വികസന ഫണ്ട് - സ്പെഷ്യല് ഗ്രാന് റ്- മൂലധനച്ചെലവുകള് ക്കായുള്ള വരവുകള് | 0 | 2,77,84,525 | 0 |
| 3202001 | Maintenance Fund - Non Road Assets - സംരക്ഷണച്ചെലവ് - റോഡ് ഇതര ആസ്തികള് - മൂലധനച്ചെലവുകള് ക്കായുള്ള വരവുകള് | 18,00,000.00 | 82,56,968.00 | 18,00,000.00 |
| 3202003 | Grants, Funds & Contributions for Specific Purposes - Other than Development Fund and State Sponsored Scheme Funds - Other purposes-വികസന ഫണ്ടും സംസ്ഥാനാവിഷ്കൃത ഫണ്ടും ഒഴികെ മറ്റ് ആവശ്യങ്ങള് ക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 0 | 0 | 23,23,91,000 |
| 3207001 | Contributions for Joint Venture Projects (for Capital Expenditure) - From Other LSGIs - സംയുക്ത പ്രോജക്ടുകള് ക്കുള്ള വിഹിതം (മൂലധനച്ചെലവുകള് ക്ക്) - മറ്റ | 46,00,000.00 | 2,05,00,000.00 | 2,66,00,000.00 |
| 3209002 | Awards from State Government --സംസ്ഥാന സര് ക്കാരില് നിന്നുള്ള അവാര് ഡ് സംഖ്യ | 0 | 30,00,000 | 0 |

| Kodakara Block Panchayath Budget for the Financial Year 2024-2025 | | | | |
|---|---|---|---|---|
| BS-5-REVENUE INCOME- NON PLAN GRANTS- (പദ്ധതിയിതര ചെലവുകള് ക്കു വേണ്ടിയുള്ള ഗ്രാന് റ്/ഫണ്ട്/വിഹിതം -വരവുകള് ) | | | | |
| DETAILED HEAD CODE | PARTICULARS (ഇനവിവരം) | Actuals for the year 2022-2023(യഥാര് ത്ഥ കണക്ക് 2022-2023) | Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024) | Budget for the Year2024-2025 (ബജറ്റ്-2024-2025) |
| 160 | Total-Revenue Grants, Funds, Contributions & Compensations | 0 | 0 | 0 |

## Kodakara Block Panchayath Budget for the Financial Year 2024-2025

### BS-4 -REVENUE INCOME-PLAN GRANTS- (പദ്ധതി ചെലവുകള് ക്ക വേണ്ടിയുള്ള ഗ്രാന് റ്/ഫണ്ട്/വിഹിതം - റവന്യൂ വരവുകള് )

| DETAILED HEAD CODE | PARTICULARS (ഇനവിവരം) | Actuals for the year 2022-2023(യഥാര് ത്ഥ കണക്ക് 2022-2023) | Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024) | Budget for the Year2024-2025 (ബജറ്റ്-2024-2025) |
|---|---|---|---|---|
| 3121001 | capital contribution- | 19,44,800 | 7,35,419 | 8,62,500 |
| 3201001 | Grants, Funds & Contributions for Specific Purposes -centrally sponsored Schemes-കേന്ദ്രാവിഷ്കൃത പദ്ധതികള് ക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 36,40,000 | 78,31,855 | 1,03,20,000 |
| 3201002 | Grants, Funds & Contributions for Specific Purposes - Other Central Government Grants - കേന്ദ്ര സര് ക്കാരില് നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും--പ്രത്യേക പദ്ധതികള് ക്കുള്ളത് | 0.00 | 10,74,141.00 | 0.00 |
| 3202001 | Development Fund - General - Revenue-വികസന ഫണ്ട് - പൊതുവിഭാഗം - റവന്യൂ ചെലവുകള് ക്കായുള്ള വരവുകള് | 3,32,31,713 | 3,21,71,020 | 3,48,23,352 |
| 3202001 | Development Fund - SCSP -Revenue -വികസന ഫണ്ട് - പട്ടികജാതി ഘടകപദ്ധതി - റവന്യൂ ചെലവുകള് ക്കായുള്ള വരവുകള് | 1,91,66,000 | 2,11,00,639 | 1,91,66,000 |
| 3202001 | Development Fund - TSP - Revenuel -വികസന ഫണ്ട് - പട്ടികവര് ഗ്ഗഘടകപദ്ധതി - റവന്യൂ ചെലവുകള് ക്കായുള്ള വരവുകള് | 10,24,000 | 10,24,000 | 10,24,000 |
| 3202001 | Development Fund - CFC - Revenue -വികസന ഫണ്ട് - കേന്ദ്രധനകാര്യ കമ്മീഷന് ഗ്രാന് റ്- റവന്യൂ ചെലവുകള് ക്കായുള്ള വരവുകള് | 2,48,72,285 | 3,10,39,335 | 1,21,99,000 |
| 3202001 | Maintenance Fund - Non Road Assets - Revenue - സംരക്ഷണച്ചെലവ് - റോഡ് ഇതര ആസ്തികള് -- റവന്യൂ ചെലവുകള് ക്കായുള്ള വരവുകള് | 1,04,66,662 | 1,35,13,693 | 1,81,27,000 |
| 3202003 | Grants, Funds & Contributions for Specific Purposes - Other than Development Fund and State Sponsored Scheme Funds - Other purposes-വികസന ഫണ്ടുംസംസ്ഥാനാവിഷ്കൃത ഫണ്ടും | 0 | 0 | 21,00,000 |

| | | | | |
|---|---|---|---|---|
| 1808001 | Miscellaneous Income | 2,12,221 | 35,000 | 40,000 |
| 180 | Total Other Income | 2,12,221 | 35,000 | 40,000 |
| Total-Non tax revenue-ആകെ നികുതിയിതര വരവുകള് | | 35,00,411 | 10,53,460 | 9,53,500 |

| | | | | |
|---|---|---|---|---|
| 1404001 | Miscellaneous Fees-മറ്റ് ഫീസുകള് | 61,747 | 5,000 | 5,500 |
| 1405001 | User Charges Collected-യൂസര് ചാര് ജ് | 25,691 | 25,000 | 27,000 |
| 1407001 | Service/ Administrative Charges-സര് വീസ്/അഡ്മിനിസ്ട്രേടിവ് ചാര് ജുകള് | 2,01,200 | 0 | 0 |
| 140 | Total Fees & User Charges | 3,19,086 | 36,500 | 39,500 |

| BS-2 PARTICULARS | | Actuals for the year 2022-2023(യഥാര് ത്ഥ കണക്ക് 2022-2023) | Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024) | Budget for the Year2024-2025 (ബജറ്റ്-2024-2025) |
|---|---|---|---|---|
| **150 - Sale & Hire Charges** | | | | |
| 1501001 | Sale of Products-ഉല് പ്പന്നങ്ങളുടെ വില | 800.00 | 55,000.00 | 62,000.00 |
| 1501101 | Sale of Forms-ഫാറം വില | 3,10,112 | 2,10,000 | 2,25,000 |
| 1501201 | Sale of stores & Scrap-ഉപയോഗശൂന്യമായ വസ്തുക്കളുടെ വില് പ്പന | 20,83,582 | 1,800 | 2,000 |
| 1504001 | Hire Charges of Vehicles-വാഹന വാടക | 25,400.00 | 28,000.00 | 30,000.00 |
| 150 | Total-Sale & Hire Charges | 24,19,894 | 2,94,800 | 3,19,000 |

| BS-2 PARTICULARS | | Actuals for the year 2022-2023(യഥാര് ത്ഥ കണക്ക് 2022-2023) | Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024) | Budget for the Year2024-2025 (ബജറ്റ്-2024-2025) |
|---|---|---|---|---|

| Kodakara Block Panchayath Budget for the Financial Year 2024-2025 | | | | |
|---|---|---|---|---|
| BS-1-REVENUE INCOME-TAXES- (നികുതി വരവുകള് ) | | | | |
| DETAILED HEAD CODE | PARTICULARS (ഇനവിവരം) | Actuals for the year 2022-2023(യഥാര് ത്ഥ കണക്ക് 2022-2023) | Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024) | Budget for the Year2024-2025 (ബജറ്റ്-2024-2025) |
| 110 | Total-Tax Revenue-ആകെ നികുതി വരവ് | 0 | 0 | 0 |

# Kodakara Block Panchayath Budget for the Financial Year 2024-2025

## BUDGET STATEMENT

| PARTICULARS | | Actuals for the year 2022-2023(യഥാര് ത്ഥ കണക്ക് 2022-2023) | Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024) | Budget for the Year2024-2025 (ബജറ്റ്-2024-2025) |
|---|---|---|---|---|
| A | Opening balance (net) (ws-1) | 2,79,752 | 96,11,799 | 23,04,623 |
| B | a) Tax revenue-നികുതി വരുമാനം (BS-1) | 0 | 0 | 0 |
| C | b) Non tax revenue-നികുതിയിതര വരുമാനം (BS-2) | 35,00,411 | 10,53,460 | 9,53,500 |
| D | Total Own Fund-ആകെ തനത് ഫണ്ട് (B+C) | 35,00,411 | 10,53,460 | 9,53,500 |
| E | c) General Purpose Fund-ജനറല് പര് പ്പസ് ഫണ്ട് (BS-3) | 63,12,000 | 70,69,000 | 79,17,000 |
| F | Total -ആകെ (D+E) | 98,12,411 | 81,22,460 | 88,70,500 |
| G | d) Other Grants(Plan)-മറ്റ് റവന്യൂ ഗ്രാന് റുകള് -പദ്ധതി ചെലവുകള് ക്ക് (BS-4) | 10,09,65,460 | 12,29,74,102 | 12,21,99,000 |
| H | e) Other Grants(Non-Plan)-മറ്റ് റവന്യൂ ഗ്രാന് റുകള് -പദ്ധതി ഇതര ചെലവുകള് ക്ക് (BS-5) | 0 | 0 | 0 |
| I | Toal Revenue Income -ആകെ റവന്യൂ വരവുകള് (F+G+H) | 11,07,77,871 | 13,10,96,562 | 13,10,69,500 |
| J | Capital Income - Loans -മൂലധന വരവ്-വായ്പ വാങ്ങല് (BS-6) | 0 | 0 | 0 |